2023 ജനുവരി 21

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന YMEF ദ്വൈവാരിക

# സുവിശേഷധ്വനി
Suviseshadhwani

SUVISESHADHWANI FORTNIGHTLY • REG. NO. RN. 29475/1978, REG. NO. KL/TV (S)/396/2022-24 • VOL. 41. • ISSUE 36 • പുസ്തകം 41 • ലക്കം 36 • പേജ് 6

## ആശ്രിതർക്കുവേണ്ടി നിയമം മാറ്റി എഴുതുന്ന ദൈവം

**സണ്ണിതോമസ്, പുതുപ്പള്ളി**

**സംഖ്യാപുസ്തകം 27:1–11; 36:1–11, യോശുവ 17:3–5**

വർഷങ്ങൾ നീണ്ട കഠിനമായ മരുഭൂയാത്ര, വലിയ ചൂടും തണുപ്പും. ജനിച്ചതും വളർന്നതും എല്ലാം വിചിത്രമായ ചുറ്റുപാടിൽ, ഒരേ ഭക്ഷണം, കുടിക്കാൻ വെള്ളമില്ല, നാട്ടുകാരുടെ അതിക്രമങ്ങൾ, ബാധകൾ, കുറേപ്പേർ മരിച്ചു വീഴുന്നു, നിർഭാഗ്യവശാൽപ്രിയപ്പെട്ട അപ്പനും ഞങ്ങളെ അനാഥരാക്കി ഒരുനാൾ വിട പറഞ്ഞു. പാവം അമ്മ. ഞങ്ങൾക്ക് ഒരു സഹോദരൻ എങ്കിലും ഉണ്ടായിരുന്നുവെങ്കിൽ എന്ന് പലപ്പോഴും ആഗ്രഹിച്ചുപോയി. എല്ലാം ഞങ്ങളുടെ വിധി അല്ലാതെന്തു പറയാൻ, ആരോട് പരിഭവപ്പെടാൻ!

> **എല്ലാം നന്നായി ചെയ്യുന്ന ദൈവം, ആശ്രിതരെ കൈവിടാത്തവൻ, നിർവ്യാജപ്രശ്നങ്ങൾ മനസ്സിലാക്കുന്നവനും, പരിഹാരം കല്പിക്കുന്നവനും ആണ്, സ്വന്തനിയമം മാറ്റിയിട്ടാണെങ്കിലും. അത് ഞങ്ങളുടെ അനുഭവമാണ് ഇന്ന്.**

ഇനിയും ചില ദിവസങ്ങൾ കൂടെ കഴിഞ്ഞാൽ ആഗ്രഹിച്ചു കാത്തു നോക്കി യാത്രചെയ്ത വാഗ്ദത്തനാട്ടിൽ ചെന്നെത്തും, പാലും തേനും ഒഴുകുന്ന ദേശം. നല്ല വളക്കൂറുള്ള മണ്ണ്, ധാരാളം ഉറവ് വെള്ളം, ഫലഭൂയിഷ്ഠം, നിറഞ്ഞ കതിരുകൾ കാറ്റത്തു ആടുകയും പാടുകയും ചെയ്യുന്ന യവം, ഗോതമ്പുവയലേലകൾ, മുന്തിരിത്തോപ്പുകൾ, ഒലിവുതോട്ടങ്ങൾ, ഫലഭൂയിഷ്ഠമായ അത്തിമരങ്ങൾ, പച്ചപുതച്ച കുന്നിൻ ചെരുവുകളുംതാഴ്വാരങ്ങളും, ആടുകളും മറ്റു കന്നുകാലികളും യഥേഷ്ടം മേഞ്ഞു നടക്കുന്നു. അവരെ മേയിക്കുന്ന ഇടയബാലന്മാരും ബാലികമാരും ഒച്ചയെടുക്കുന്നതു കേൾക്കാം, സാക്ഷാൽ സ്വർഗീയ കനാൻ തന്നെ.

ഒരു നിമിഷം പരിസരം മറന്നുപോയി, അല്ല നമ്മൾ ഇതൊക്കെ സ്വപ്നം കണ്ടിട്ടെന്തുകാര്യം, നമുക്കിതൊന്നും പറഞ്ഞിട്ടില്ലല്ലോ. എല്ലാം സ്വപ്നം കാണാനുള്ള വിധിമാത്രം. ഒരുതുണ്ടു ഭൂമിക്കു അവകാശമില്ലാത്തവർ, അപ്പൻ ഉണ്ടായിരുന്നെങ്കിൽ ഇതൊക്കെ നമുക്കും സാധിക്കുമായിരുന്നു. പോകട്ടെ ഒരു സഹോദരനെങ്കിലും ഉണ്ടായിരുന്നെങ്കിൽ അവന്റെ കൂടെ പാർക്കാമായിരുന്നു, അവനു കിട്ടുന്ന ഭൂമിയിൽ ഒപ്പം കൃഷിയിറക്കാമായിരുന്നു. ഇനിയിപ്പോൾ ആരെങ്കിലും ഭർത്താക്കന്മാരായിട്ടുണ്ടായിരുന്നെങ്കിൽ! അതിനും സമയമായിട്ടില്ലല്ലോ.

നിരാശരായില്ല യോസേഫിന്റെ ആറാം തലമുറക്കാരനായ സെലോഫഹാദിന്റെ പുത്രിമാർ മഹ്ളാ, നോവ, ഹോഗ്ള, മിൽക്കാ, തിർസാ, അഞ്ചുപേരും അടുത്തുകൂടി. "ഇതാ, സഹോദരിമാർ ഒത്തൊരുമിച്ചു വസിക്കുന്നതു എത്ര ശുഭവും എത്ര മനോഹരവും ആകുന്നു! അവിടെയല്ലോ യഹോവ അനുഗ്രഹവും ശാശ്വതമായുള്ള ജീവനും കല്പിച്ചിരിക്കുന്നത്". ജീവിതത്തിന്റെ പ്രയാസമേറിയ ഘട്ടത്തിൽ അഞ്ചു അബലകൾ, അനാഥർ, ഒന്നിച്ചുകൂടി അന്യോന്യം ധൈര്യപ്പെടുത്തി, ദൈവം കരുണയുള്ളവനാണ്, അവൻ അനാഥനെയും വിധവയെയും സംരക്ഷിക്കുന്നവനാണ്. പിതാക്കന്മാരുടെ പാപം തലമുറകളിൽ കണക്കിടാത്തവനാണ്. ഞങ്ങൾക്കും ഒരു വഴി തുറക്കേണമേ...

അല്ല, എങ്ങനെ ന്യായീകരിക്കുവാൻ സാധിക്കും, അന്യായമല്ലേ ഇത്?

▶▶ ശേഷം 2-ാം പേജിൽ

## സുവിശേഷധ്വനി വായനക്കാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്

സുവിശേഷധ്വനിയുടെ വായനക്കാരുടെ വിലാസങ്ങൾ പുതുക്കുകയാണ്. 2010 മുതൽ വരിസംഖ്യ അടക്കാത്തവർക്കും മാസിക അയക്കുന്നുണ്ട്. അതിൽ എത്ര വിലാസങ്ങൾ യഥാർത്ഥമായി നിലവിലുണ്ടെന്നും അറിയുകയില്ല. ആയതിനാൽ ഇത് വായിക്കുന്ന സഹോദരങ്ങൾക്ക് ആർക്കെങ്കിലും അതേപ്പറ്റി അറിവുണ്ടെങ്കിൽ മാനേജിങ് എഡിറ്ററെ അറിയിക്കണേ. കൂടാതെ മേൽവിലാസമാറ്റമോ എന്തെങ്കിലും തെറ്റുകളോ ഉണ്ടെങ്കിൽ അതും അറിയിക്കുക.

നമ്മുടെ മിക്കവാറും എല്ലാ മാസികകളും വലിയ പ്രതിസന്ധികളിലൂടെയാണ് മുന്നോട്ട് പോകുന്നത്. വരിസംഖ്യ ഇനത്തിൽ വലിയൊരു തുക പിരിഞ്ഞു കിട്ടാനും ഉണ്ട്. എന്റെ പ്രിയ സഹോദരങ്ങൾ സുവിശേഷധ്വനിയെ സ്നേഹിക്കുന്നവർ ദയവായി നിങ്ങളുടെ വരിസംഖ്യ കുടിശിക അയച്ചുതന്ന് ഈ ശുശ്രൂഷയെ സഹായിക്കണേ.

ദൈവസന്നിധിയിൽ നാം കടക്കാരാകാതിരിക്കാം.

ചീഫ് എഡിറ്റർ

## യേശുക്രിസ്തു എന്നും അനന്യൻ

**കുഞ്ഞച്ചൻ തോമസ്, കുളത്തൂപ്പുഴ**

"യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ തന്നെ" (എബ്രാ. 13:8). മനുഷ്യരെല്ലാം മാറ്റപ്പെടും. ഇന്നു കാണുന്നതെല്ലാം മാറും. മനുഷ്യൻ വാക്കു മാറുന്നവൻ, എന്റെ യേശു മാത്രം വാക്കു മാറാത്തവൻ. ഗതിഭേദത്താലുള്ള ആഛാദനം ഇല്ലാത്തവൻ. അവന്റെ വാക്കുകൾ ഉവ്വ്, ഉവ്വ് എന്നും ഇല്ല, ഇല്ല എന്നും മാത്രമാണ്. "യിസ്രായേൽജനം യഹോവയാണ എന്ന് ആണയിട്ടാലും അത് കപടമായിട്ടത്രേ" (യിര. 5:2). "യഹൂദ കപടമായിട്ടല്ലാതെ എന്റെ അടുക്കൽ വന്നിട്ടില്ല" (യിര. 3:10). ഇത് ഇന്നത്തെ മനുഷ്യന്റെ അവസ്ഥ കൂടെയാണ്. "നാം അവനിലാശ്രയിക്കയും, അവന്റെ വഴികളിൽ നടക്കയും, സ്നേഹത്തിൽ സത്യം സംസാരിക്കയും വേണം" (എഫേ. 4:15). ഒരുവൻ രക്ഷിക്കപ്പെടുമ്പോൾ പരിശുദ്ധാത്മാവിനാൽ അഭിഷിക്തനാകുന്നു. അവൻ യേശുവിനെ രക്ഷിതാവും കർത്താവുമായി അംഗീകരിച്ച് സത്യത്തിൽ നിഷ്കളങ്കഹൃദയത്തോടെ ആരാധിക്കുന്നു. അവൻ നമുക്ക് എന്നും ഏതവസ്ഥയിലും മതിയായവൻ.

> **പഴയനിയമവിശ്വാസികൾ മുമ്പോട്ടു നോക്കി മശിഹായെ വിശ്വാസത്താൽ കണ്ട് പ്രതീക്ഷയോടെ ആരാധിച്ചു. അവർ മശിഹക്കുവേണ്ടി കാത്തിരുന്നു. പുതിയനിയമവിശ്വാസികൾ, നമുക്കായി കുരിശിൽ മരിച്ചുയിർത്തുജീവിക്കുന്ന കർത്താവിനെ പുറകോട്ടു നോക്കി വിശ്വാസത്താലുള്ള പ്രത്യാശയോടെ ആരാധിക്കുന്നു.**

**1. അവൻ നമുക്ക് ഇന്നലെ :**

ക്രൂശിലെ മരണത്തോളം നമുക്കായി അനുസരമുള്ളവനായിത്തീർന്നു. പിന്തുടരുവാൻ അവൻ നല്ല മാതൃക വെച്ചേച്ചു പോയിരിക്കുന്നു. നാം അവന്റെ വഴികളിൽ നടന്ന് നിഷ്ക്കളങ്കരായിരിക്കണം. പഴയനിയമവിശ്വാസികൾ മുമ്പോട്ടു നോക്കി മശിഹായെ വിശ്വാസത്താൽ കണ്ട് പ്രതീക്ഷയോടെ ആരാധിച്ചു. അവർ മശിഹക്കുവേണ്ടി കാത്തിരുന്നു.

▶▶ ശേഷം 4-ാം പേജിൽ

## വൈ. എം. ഇ. എഫ് സൗത്ത് ഡിവിഷൻ ട്രസ്റ്റ്
## പ്രാർത്ഥനാ സമ്മേളനം

2023 ജനുവരി 29 ഞായറാഴ്ച

അടൂർ ക്രിസ്ത്യൻ ബ്രദറൺ ചർച്ച്

പ്രസംഗകൻ : സഹോ. പ്രമോദ് തോമസ്, കോട്ടയം

ദൈവഹിതമായാൽ വൈ.എം.ഇ.എഫ് സൗത്ത് ഡിവിഷന്റെ ചുമതലയിലും അടൂർ ക്രിസ്ത്യൻ ബ്രദറൺ ചർച്ചിന്റെയും (ബഥേൽ), വൈ.എം.ഇ.എഫ് പത്തനാപുരം സെന്ററിന്റെയും സഹകരണത്തിലും **2023 ജനുവരി 29-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.30 മുതൽ** അടൂർ ക്രിസ്ത്യൻ ബ്രദറൺ **ചർച്ച് ഹാളിൽ** വച്ച് പ്രാർത്ഥനാ സമ്മേളനം നടത്തുവാൻ കർത്താവിലാശ്രയിച്ച് തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത കൂടിവരവിൽ **സഹോ. പ്രമോദ് തോമസ്, കോട്ടയം** വചനശുശ്രൂഷ നിർവ്വഹിക്കുന്നതാണ്.

പ്രാർത്ഥനാ സമ്മേളനത്തിനുവേണ്ടി

സഹോ. ജോൺസൺ സാം
അടൂർ ക്രിസ്ത്യൻ ബ്രദറൺ ചർച്ച്

സഹോ. മാത്യു. റ്റി.ജി.
(പ്രയർ കോ-ഓർഡിനേറ്റർ), ഫോ: 9846778283

**കൂടുതൽ വിവരങ്ങൾക്ക് : അലക്സ് ബി. മാത്യു** (സെന്റർ സെക്രട്ടറി), **ഫോൺ: 9846924447**

## വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ ട്രസ്റ്റ് സുവിശേഷക്യാമ്പ് പത്തനംതിട്ട

ദൈവഹിതമായാൽ വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ ട്രസ്റ്റിന്റെ ചുമതലയിൽ സീതത്തോട് ബ്രദറൺ അസംബ്ലിയുടെയും വൈ.എം.ഇ.എഫ്. പത്തനംതിട്ട സെന്ററിന്റെയും സഹകരണത്തിൽ ഒരു സുവിശേഷ ക്യാമ്പ് 2023 ഫെബ്രുവരി 8 ബുധൻ രാവിലെ 9.30 മുതൽ 10 വെള്ളി ഉച്ചയ്ക്ക് 2 മണി വരെ സീതത്തോട്, ആങ്ങമൂഴി പ്രദേശങ്ങളിൽ സുവിശേഷപ്രവർത്തനങ്ങൾ നടത്തുവാൻ കർത്താവിലാശ്രയിച്ച് തീരുമാനിച്ചിരിക്കുന്നു. ആയതിലേക്ക് സുവിശേഷ തല്പരരായ എല്ലാ സഹോദരൻമാരും കടന്നു വരിക. സഭയിൽ നിന്ന് യുവാക്കന്മാരെ ഉത്സാഹിപ്പിച്ച് അയയ്ക്കുകയും ക്യാമ്പിന്റെ അനുഗ്രഹത്തിനായി ദൈവജനം പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് വിശേഷാൽ അഭ്യർത്ഥിക്കുന്നു.

പത്തനംതിട്ട വൈ.എം.ഇ.എഫ്. സെന്ററിനുവേണ്ടി
വി.റ്റി. രവി (സെന്റർ സെക്രട്ടറി, 9744413326)

വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ ട്രസ്റ്റിനുവേണ്ടി
ജോയികുമാർ (സെക്രട്ടറി), മൊ: 9446022942

**പ്രധാന പരിപാടികൾ**

ഭവന സന്ദർശനം, പരസ്യയോഗം, ബൈബിൾ ക്ലാസ്സ്, വചനധ്യാനം (എബ്രാ. 12), ഗ്രൂപ്പ് പ്രാർത്ഥന

**താമസ സൗകര്യവും വന്നുചേരേണ്ട വഴിയും**

പത്തനംതിട്ട, സീതത്തോട് ബ്രദറൺ അസംബ്ലി ഹാൾ

വഴി : പത്തനംതിട്ട നിന്നും ആങ്ങമൂഴി ബസ്സിൽ കയറി സീതത്തോട് ഇറങ്ങുക.

| എഡിറ്റോറിയൽ | ഫിലേമോൻ ലേഖന പഠനം | യുവലോകം | മഹത്വത്തിൽ | ചിന്ത |
|---|---|---|---|---|
| പേജ് 2 | പേജ് 3 | പേജ് 4 | പേജ് 5 | പേജ് 6 |

SUVISESHADHWANI
സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക
2023 ജനുവരി 21/ പുസ്തകം 41 ലക്കം 36

എഡിറ്റോറിയൽ

# നാം ദൈവകൃപ അനുഭവിക്കുന്നവരോ?

ഒരു സാധാരണ വ്യക്തി തന്റെ ക്രിസ്തീയജീവിതത്തിന്റെ ആരംഭം മുതൽ അവസാനംവരെയും ദൈവകൃപ അനുഭവിക്കുവാൻ വേണ്ടിയാണ് ദൈവം ആഗ്രഹിക്കുന്നത്. നാം നമ്മുടെ ആത്മീകജീവിതം തുടങ്ങുന്നത് ദൈവകൃപ അറിഞ്ഞതുകൊണ്ടാണല്ലോ. 'സകലമനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലോ' (തീത്തോസ് 2 :11) എന്നാണ് പൗലോസ് അപ്പോസ്തലൻ രേഖപ്പെടുത്തിയിരിക്കുന്നത്. അതോട് ചേർത്ത് പല ഉത്തരവാദിത്വങ്ങളും നമ്മൾക്ക് ലഭിച്ചിട്ടുണ്ട്. നാം ദൈവകൃപ അനുഭവിക്കുവാൻ ഇടയായത് ഭാഗ്യവശാൽ ആണ്. നമ്മുടേതായ എന്തെങ്കിലും പ്രത്യേകത അതിന് കാരണമല്ലെന്ന സത്യം നാം അറിയുന്നു. പാട്ടുകാരൻ പാടിയതുപോലെ 'കൃപയാൽ കൃപയാൽ കൃപയാൽ ഞാൻ ദൈവമകനായി, അത്ഭുതം അത്ഭുതമേ'. നമ്മുടെ ദൃഷ്ടിയിൽ അത്യത്ഭുതം തന്നെ. നമ്മുടെ രക്ഷയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും അത്യത്ഭുതം തന്നെ. എങ്ങനെ നീതിമാനായ, വിശുദ്ധനായ ദൈവത്തിന് 'പാപിയായ', 'ദൈവത്തിന്റെ ശത്രുവായ', എന്നുവേണ്ട സകലവിധ ദുഷ്ടതക്കും പര്യായമായ മാനവജാതിയെ സ്നേഹിക്കാൻ കഴിയും? അതിനുത്തരമാണ് ദൈവകൃപ എന്ന വാക്ക്. യാതൊരു ദയക്കും അർഹതയില്ലാത്ത മനുഷ്യനെ സ്നേഹിക്കണമെങ്കിൽ ദൈവകൃപ ഒന്ന് മാത്രമേ അതിനു നിദാനമാകയുള്ളു, 'കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു' (എഫേ. 2 :8). ചുരുക്കിപ്പറഞ്ഞാൽ നാം അനുഭവിക്കുന്ന ആത്മീകവും ഭൗതീകവുമായ എല്ലാ അനുഗ്രഹങ്ങൾക്കും, ദൈവസ്നേഹത്തിനും ഒരേ ഒരു കാരണമേയുള്ളൂ; ദൈവകൃപ. മാനുഷീകമായി അസാദ്ധ്യം; എന്നാൽ ദൈവത്താൽ സാധ്യം.

ദാവീദ് തന്റെ ജന്മശത്രുവായിരുന്ന ശൗലിന്റെ കൊച്ചുമകനായിരുന്ന മെഫീബോശെത്തിനോട് കരുണ കാണിക്കുവാൻ മാനുഷികമായ ഒന്നുകൊണ്ടും സാദ്ധ്യമായിരുന്നില്ല. അതുകൊണ്ടാണ് ദാവീദ് ചോദിക്കുന്നത് "ഞാൻ ദൈവത്തിന്റെ ദയ കാണിക്കേണ്ടതിന്നു ശൌലിന്റെ കുടുംബത്തിൽ ആരെങ്കിലും ഉണ്ടോ" എന്ന് (2 ശമുവേൽ 9:3). എന്നാൽ അവിടെയും തന്റെ സ്നേഹിതനായ യോനാഥാൻ എന്നൊരു മദ്ധ്യസ്ഥനെ നാം കാണുന്നു. ദൈവത്തിന് അങ്ങനെയൊരു മദ്ധ്യസ്ഥനെ ഭൂമിയിൽ കണ്ടെത്താനാകില്ലല്ലോ. അതിനാൽ ദൈവം തന്റെ പുത്രനെത്തന്നെ മദ്ധ്യസ്ഥനാക്കി നാം അനുഭവിക്കേണ്ടിയിരുന്ന ശിക്ഷപൂർണമായും തന്റെ പുത്രന്റെമേൽ ചുമത്തി, പുത്രൻ അത് കാൽവരിയിൽ അനുഭവിച്ച്തീർത്ത്, ആ ദൈവകൃപ പ്രദർശിപ്പിച്ചത്. നമ്മുടെ ബുദ്ധിക്ക് ഇത് ഗ്രഹിക്കുവാൻ സാദ്ധ്യമല്ലതന്നെ, അവിടെയും ദൈവകൃപ പ്രവർത്തിക്കുന്നു.

ഒരുവൻ ക്രിസ്തുവിലാകുമ്പോൾ അവൻ പുതിയ സൃഷ്ടി ആയി മാറുന്നുവെന്ന് മാത്രമല്ല, അവൻ അനുനിമിഷം ദൈവകൃപ അനുഭവിക്കുന്ന ഒരു ജീവിതത്തിലേക്ക് പ്രവേശിക്കുകയാണ്. അങ്ങനെ നാം അനുഭവിക്കുന്ന ദൈവകൃപയാണ് നമ്മെ കർത്താവിന്റെ മഹത്വത്തിനായി ജീവിക്കുവാൻ ഈ ഭൂമിയിൽ വഴിനടത്തുന്നത്. അതായത് ദൈവകൃപ നമ്മൾക്ക് ആവശ്യമായ ശിക്ഷണം നൽകി നമ്മെ നടത്തുന്നു. അനുദിനം നമ്മെ മുൻപോട്ടു പോകുവാൻ വേണ്ട ബലവും ശക്തിയും നൽകുന്നു.

ദൈവകൃപ ദൈവമക്കൾക്ക് വരങ്ങൾ നൽകി കർത്താവിന്റെ രാജ്യത്തിന്റെ കെട്ടുപണിക്ക് നമ്മെ ഒരുക്കുന്നു. ഒരുവനെ കർത്താവിന്റെ വേലക്ക് ഒരുക്കുന്നത് ദൈവകൃപയാണ്. അതിനു കൃപാവരങ്ങൾ എന്നാണ് ദൈവവചനം വിളിക്കുന്നത്. അപ്പൊസ്തലനായ പൗലോസ് കൊരിന്ത്യർക്ക് ഇതേപ്പറ്റി എഴുതിട്ടിട്ടുണ്ട്. പൗലോസ് മക്കദോന്യസഭകൾക്ക് ലഭിച്ച ദൈവകൃപയെപ്പറ്റിയും കൊരിന്ത്യരോട് പറയുന്നുണ്ടല്ലോ (1 കോരി.8). അവർ കഷ്ടത എന്ന കഠിനശോധനയിലും അനുഭവിച്ച ദൈവകൃപ ധാരാളം ഔദാര്യം കാണിക്കാൻ കാരണമായിത്തീർന്നു. അപ്പോൾ ദൈവകൃപ നമ്മെ ദൈവജനത്തിന്റെ ആവശ്യങ്ങൾക്ക് സഹായിക്കുവാനും പ്രചോദനം നൽകുന്നു.

ചുരുക്കിപ്പറഞ്ഞാൽ നാം ദൈവമക്കൾ എന്ന നിലയിൽ ജീവാരംഭം മുതൽ ജീവാവസാനംവരെ ദൈവകൃപ അനുഭവിച്ച് ജീവിക്കുവാൻ ഒരുക്കപ്പെട്ടവരാണ്. അതുകൊണ്ട് ദൈവവചനം അനുശാസിക്കുന്ന സത്ഗുണങ്ങളും നമ്മുടെ ജീവിതത്തിൽ പ്രദർശിപ്പിക്കേണ്ടവരാണ്.

1-ാം പേജ് തുടർച്ച

# ആശ്രിതർക്കുവേണ്ടി നിയമം മാറ്റി എഴുതുന്ന ദൈവം

നമ്മൾ എന്തെങ്കിലും പിഴച്ചോ. നമ്മുടെ അപ്പൻ തന്റെ പാപത്തിൽ മരിച്ചു, സഹോദരന്മാർ ആരുംഇല്ലാതെ പോയി, ഭർത്താക്കന്മാർ ആരും വന്നിട്ടുമില്ല. ഈ സ്ഥിതിയിൽ നമ്മുടെ ഗതി എന്താകും.

ഒരുതുണ്ടു ഭൂമി ലഭിക്കുകയില്ല, വീടില്ല, വിലാസം ഇല്ല, അത്താണിയില്ല. എഴുന്നേൽക്കൂ പ്രിയപ്പെട്ട സഹോദരിമാരേ എഴുന്നേൽക്കൂ, നമുക്ക് പോകാം മോശയുടെഅടുത്തേക്ക്, നമ്മുടെ വിഷയം സഭയോടു പറയാം, അവർ കേൾക്കാതിരിക്കയില്ല, നമ്മൾ പരാമർത്ഥികളല്ലോ, നമ്മുടെ പരാതി ന്യായമല്ലോ.

അപ്പന്റെ സഹോദരന്മാരുടെ ഇടയിൽ നമുക്കും കിട്ടണം അപ്പന്റെ അവകാശം, അവന്റെ പേര് ഈ ദേശത്തു ഇല്ലാതെ പോകുന്നതെന്തിന്. മോശ തന്നേയല്ലോ പറഞ്ഞത് "നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്തു നിനക്കു ദീർഘായുസ്സുണ്ടാകുവാൻ നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക" എന്ന്.

മോശയും എലെയാസറും പ്രഭുക്കന്മാരും സർവസഭയും ഞങ്ങളുടെ ആവലാതിശ്രദ്ധിച്ചു കേട്ടു, ഞങ്ങൾ പറഞ്ഞതിൽ കാര്യമുണ്ടെന്നു മനസ്സിലായി. എങ്കിലും ദൈവത്തോട് ആലോചന ചോദിക്കാതെ, ദൈവം അനുവദിക്കാതെ ഒന്നും ചെയ്യുവാൻ സാധിക്കുകയില്ലല്ലോ. ഇത് അത്ര ചെറിയ വിഷയം ഒന്നും അല്ല, നിലവിലുള്ള നിയമാവലി തന്നെ മാറ്റി എഴുതേണ്ട കാര്യമാണ്. "അതുകൊണ്ടു കരുണ ലഭിപ്പാനും തത്സമയത്തു സഹായത്തിന്നുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന്നു അടുത്തു ചെല്ലുക". "ഒന്നിനെക്കുറിച്ചും വിചാരപ്പെടരുതു; എല്ലാറ്റിലും പ്രാർത്ഥനയാലുംഅപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ടതു. എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും".

മോശെ അവരുടെ കാര്യം യഹോവയുടെ മുമ്പാകെ വച്ചു. സെലോഫഹാദിന്റെപുത്രിമാർ പറയുന്നതു ശരി തന്നേ; അവരുടെ അപ്പന്റെ സഹോദരന്മാരുടെ ഇടയിൽ അവർക്കു ഒരു അവകാശം കൊടുക്കേണം; അവരുടെ അപ്പന്റെ അവകാശം അവർക്കു കൊടുക്കേണം. അതുമാത്രമല്ല ഇനിയും ആരെങ്കിലും ഒരുത്തൻ മകനില്ലാതെ മരിച്ചാൽ അവന്റെ അവകാശം അവന്റെ മകൾക്കു കൊടുക്കേണം. വർഷങ്ങൾ നീണ്ടുനിന്ന നിയമയുദ്ധത്തിലൂടെയാണു മേരി റോയി 1986 ൽ ക്രിസ്തീയ പെൺകുട്ടികൾക്ക് പിതാവിന്റെ സ്വത്തിലുള്ള അവകാശം നേടിയെടുത്തതുപോലെ ഒരു സുപ്രധാന തീരുമാനം.

എടീ ഞാൻ പറഞ്ഞില്ലേ നമ്മൾ ഒത്തു നിന്ന് പ്രവർത്തിച്ചാൽ, പ്രാർത്ഥിച്ചാൽ, കാര്യം സാധിക്കുമെന്ന്. ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമേ, ഞങ്ങൾ നിന്റെ നാമംഘോഷിക്കും; ഞങ്ങളുടെ ദൈവത്തിന്നു മഹത്വം കൊടുക്കും. അവൻ പാറ; അവന്റെ പ്രവൃത്തി അത്യുത്തമം. അവന്റെ വഴികൾ ഒക്കെയും ന്യായം; അവൻ വിശ്വസ്തതയുള്ളദൈവം, വ്യാജമില്ലാത്തവൻ; നീതിയും നേരുമുള്ളവൻ തന്നേ, സ്തോത്രം.

എല്ലാം നന്നായി ചെയ്യുന്ന ദൈവം, ആശ്രിതരെ കൈവിടാത്തവൻ, നിർവ്യാജപ്രശ്നങ്ങൾ മനസ്സിലാക്കുന്നവനും, പരിഹാരം കല്പിക്കുന്നവനും ആണ്, സ്വന്തനിയമം മാറ്റിയിട്ടാണെങ്കിലും. അത് ഞങ്ങളുടെ അനുഭവമാണ് ഇന്ന്.

ശേഷം 5-ാം പേജിൽ

# ധ്വനി ബൈബിൾ ക്വിസ് – 34

## രൂത്തിന്റെ പുസ്തകം ശരിയുത്തരങ്ങൾ

1. ഒരുത്തൻ തന്റെ ചെരുപ്പൂരി മറ്റേവന് കൊടുക്കുന്നു (രൂത്ത് 4:7).
2. യഹോവ തന്റെ ജനത്തെ സന്ദർശിച്ച് ആഹാരം കൊടുത്തു എന്ന് കേട്ടതുകൊണ്ട് (രൂത്ത് 1:6).
3. രൂത്തിനെ (രൂത്ത് 4:15).
4. ഓബേദ് (രൂത്ത് 4:17).
5. യവം, ഒരു പറ (രൂത്ത് 2:17).
6. മലർ (രൂത്ത് 2:14).
7. ഓർപ്പ (രൂത്ത് 1:14).
8. റാഹേലും, ലേയയും (രൂത്ത് 4:11).
9. യവ കൊയ്ത്തും ഗോതമ്പ് കൊയ്ത്തും തീരുന്നതുവരെ (രൂത്ത് 2:23).
10. മൂപ്പന്മാരും, സകലജനവും (രൂത്ത് 4:9–11).

## എല്ലാ ചോദ്യങ്ങൾക്കും ശരിയുത്തരം എഴുതിയവർ

1. മറിയാമ്മ മാത്യു, തിരുവല്ല
2. മേരി പി. മാമ്മൻ, കല്ലിശ്ശേരി
3. ആലീസ് സാം, കല്ലിശ്ശേരി
4. ജീൻ തോമസ്, റാന്നി
5. ഗോഡ്സി രാജു, തൃശൂർ
6. ജെസ്സി സാം, റാന്നി
7. പി.വി. എലിസബത്ത്, പേരൂർക്കട
8. ബെറ്റ്സി കുര്യൻ, മൂക്കന്നൂർ
9. ജോളി മാത്യു, കലഞ്ഞൂർ
10. ജോളി രാജു, കല്ലിശ്ശേരി
11. സാലി വർഗ്ഗീസ്സ്, പുത്തൻകാവ്
12. നൈസി രെഞ്ചി, ചേപ്പാട്
13. ജോയ്സ് ഗീവർഗ്ഗീസ്, അടൂർ
14. മേരി ജോൺ, പുത്തൻകാവ്
15. ജിമാ ജോഷ്വാ, ചെറിയതുറ
16. ലില്ലി ജോൺ, പാലാരിവട്ടം
17. മോളിക്കുട്ടി ബാബു, കരിക്കാട്
18. തോമസ് സാമുവേൽ, കൊല്ലം
19. മറിയാമ്മ തോമസ്, കുന്നന്താനം
20. ജോളി രാജൻ, ബാംഗ്ലൂർ
21. ആലീസ് കോര, കോട്ടയം
22. ആന്റോ ഇ.സി., തൃശ്ശൂർ
23. ഡെയ്സി ജോസ്, മാവേലിക്കര
24. ബേബി മോഹൻ, തൃശ്ശൂർ
25. ഷൈനി ബെന്നി, തൃശ്ശൂർ
26. മോളി ജോയി, മൂവാറ്റുപുഴ
27. ജെസ്സി പ്രസാദ്, ഒറ്റപ്പാലം
28. ജോയിസ് ജേക്കബ്, കറുകച്ചാൽ
29. ജിൻസി അനീഷ്, കൊടുങ്ങല്ലൂർ
30. മേരി ജോർജ്ജ്, റാന്നി

പ്രാർത്ഥിക്കുക... ഒരുങ്ങുക... കടന്നുവരിക....
വൈ.എം.ഇ.എഫ്. ജനറൽ ക്യാമ്പ് 2023
ആഗസ്റ്റ് 28, 29, 30, 31 (തിങ്കൾ മുതൽ വ്യാഴം വരെ)
ജേക്കബ് പി. മാത്യു (ജനറൽ സെക്രട്ടറി) 984700069

ദൈവത്തിന് മഹത്വം
"കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു. മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പിൻ" –യേശുക്രിസ്തു
മഞ്ഞാലുംമൂട് ഹെബ്രോൺ ബ്രദറൺ സഭ ക്രമീകരിക്കുന്ന
സുവിശേഷ മഹായോഗങ്ങൾ
സ്ഥലം : തോട്ടത്തുവിള, മഞ്ഞാലുംമൂട്
തീയതി : 2023 ജനുവരി 26 വ്യാഴം 27 വെള്ളി 28 ശനി 29 ഞായർ
സമയം: ദിവസവും വൈകുന്നേരം 6.30 മുതൽ 9.30 വരെ
പ്രസംഗകർ
Bro. ചാണ്ടപിള്ള ഫിലിപ്പ് (കോട്ടയം)
Bro. എസ്. ശമുവേൽ (സത്യമലർ പത്രാധിപർ, മധുര)
Bro. റെജി ആർ. ഹാരിസ് (ചെമ്പൂർ)
ഗാനശുശ്രൂഷ : Bro. ഷാജു (ചണ്ണപ്പേട്ട) Bro.ജോൺസി സി. ദാസ് (പാറശ്ശാല)
ഈ യോഗങ്ങളിൽ സംബന്ധിച്ച് ദൈവവചനം ശ്രവിച്ച് ദൈവാനുഗ്രഹം പ്രാപിപ്പാൻ എവരെയും കർത്താവായ യേശുക്രിസ്തുവിന്റെ തിരുനാമത്തിൽ സ്വാഗതം ചെയ്യുന്നു.
വിവരങ്ങൾക്ക് : 9442466223
യോഗങ്ങൾക്കുവേണ്ടി ഹെബ്രോൺ ബ്രദറൺ സഭ, മഞ്ഞാലുംമൂട്
അന്ത്യകാലത്ത് ദുർഘട സമയങ്ങൾ വരും എന്നറിക – ബൈബിൾ

ചീഫ് എഡിറ്റർ : സാം സഖറിയ
അസോ. എഡിറ്റർ : സാമുവൽ തോമസ്
മാനേജിംഗ് എഡിറ്റർ : ജോയികുമാർ വി.കെ.
സർക്കുലേഷൻ മാനേജർ : സ്പർജൻ കെ.ജെ.
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ : ₹ 200/-
വിദേശങ്ങളിൽ : ₹ 3000/-

വാർത്തകളും രചനകളും ഇ-മെയിൽ വഴിയോ, തപാലിലോ, നേരിട്ടോ ചീഫ് എഡിറ്ററുടെ വിലാസത്തിൽ അയയ്ക്കുക.
വരിസംഖ്യയും സംഭാവനകളും സുവിശേഷധ്വനിയെന്ന് മാത്രമെഴുതി മാനേജിംഗ് എഡിറ്ററുടെ വിലാസത്തിൽ അയ്ക്കുക. പരസ്യങ്ങൾ സ്വീകരിക്കുന്നതല്ല.

**Bank Details:**
Account Name : **Suviseshadhwani**
**CSB BANK**, Thiruvananthapuram Main Branch
Account No: 0096-04073006-195001
IFSC Code : CSBK 0000096

## തിരുമൊഴി

"യഹോവാഭക്തന് ദൃഢധൈര്യം ഉണ്ട്; അവന്റെ മക്കൾക്കും ശരണം ഉണ്ടാകും" (സദൃ. 14:26)

# ദൈവസ്നേഹത്താൽ നിർബന്ധിക്കപ്പെട്ട് മിഥുൻ ജോണി കാർബിയിൽ



**1806** ലാണ് പ്രഥമ പ്രൊട്ടസ്റ്റന്റ് മിഷനറി തോബിയാസ് റിങ്കൾ ടോംബ് ജർമ്മനിയിൽ നിന്ന് കേരളത്തിലെ മൈലാടിയിൽ കാലുകുത്തിയത്. തുടർന്ന് 1818-ൽ മിഷനറി ചാൽസ് മീഡ്, 1819 -ൽ മിഷനറി തോമസ് നോർട്ടൻ, പിന്നീട് ബെഞ്ചമിൻ ബെയ്‌ലി തുടങ്ങിയവരും കേരളത്തിലെത്തി. പ്രൊട്ടസ്റ്റന്റ് മിഷനറി തോബിയാസ് റിങ്കൾ ടോംബ കേരളത്തെ തൊട്ടതിന്റെ കൃത്യം 200-ാം വർഷത്തിൽ അങ്കമാലി ടൗൺ അസംബ്ലിയിലെ മിഥുൻ ജോണി ആസാമിലെ കാർബി ആംഗ്ലോങ് ജില്ലയിലെ കൊങ്കിപ്രി ഗ്രാമത്തിലെ മംഗോളിയൻ ആദിവാസികളെ തേടി ചെന്നത് ദൈവീക നിയോഗം തന്നെയാണ്. മിഷനറിമാർ കേരളത്തിൽ കണ്ട കാഴ്ചകൾ മിഥുൻ അവിടെ വീണ്ടും കണ്ടു. പുഴ, മരം, ഗുഹ എന്നിവ ദൈവമാണെന്ന് സങ്കല്പിച്ച് കൊടും വനത്തിന്റെ നടുവിൽ ബാഹ്യസംസർഗ്ഗം ഇല്ലാതെ കഴിയുന്ന ഒരു പറ്റം മനുഷ്യകോലങ്ങളാണ് അവിടെ ഉണ്ടായിരുന്നത്. ലിപിയില്ലാത്ത കാർബിയാണ് അവരുടെ സംസാരഭാഷ. ആദ്യനാളുകളിൽ അവിടുത്തെ സാഹചര്യങ്ങളുമായി പൊതുത്തപ്പെടുവാൻ മിഥുൻ പ്രയാസപ്പെട്ടു.

കഴിഞ്ഞ പതിനാറ് വർഷംകൊണ്ട് അത്ഭുതാവഹമായ പ്രവർത്തനമാണ് കൊങ്കിപ്രി, ബെയ്ദ എന്നീ ഗ്രാമങ്ങളിൽ ദൈവം മിഥുനെക്കൊണ്ട് ചെയ്യിച്ചത്. കേരളത്തെ തൊട്ട പ്രൊട്ടസ്റ്റന്റ് (ബ്രദറൻ) മിഷനറിമാർ എന്തെല്ലാം കേരളത്തിൽ ചെയ്തുവോ മിഥുൻ ജോണി അത് അവിടെ പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്നു.

ഇക്കഴിഞ്ഞ 2020 ഫെബ്രുവരി മാസത്തിൽ കേരളത്തിലെ പ്രമുഖ പത്രമാധ്യമങ്ങളെല്ലാം മിഥുൻ ജോണി നിറഞ്ഞുനിന്നത് ചിലരെങ്കിലും ഓർമ്മിക്കുന്നുണ്ടാകും. അമ്മയുടെ മുലപ്പാലിന്റെ രുചി അറിയുന്നതിന് മുമ്പെ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട രൂപ്മിലി എന്ന പെൺകുഞ്ഞിന്റെ രക്ഷിതാവായി മിഥുൻ ജോണി അവതരിച്ചത് കേരളത്തിലെ പത്രമാധ്യമങ്ങൾ അർഹിച്ച പ്രാധാന്യതയോടെ പ്രസിദ്ധീകരിച്ചിരുന്നു.



മിഥുൻ ജോണി ആരംഭിച്ച ബെയ്ദ ഗ്രാമത്തിലെ സ്കൂളിന്റെ സ്വാതന്ത്ര്യദിനാഘോഷം

ആ കഥ ഇങ്ങനെ : മേഘാലയ അതിർത്തിയിലെ കാർബി ഗോത്രവർഗ്ഗത്തിലാണ് രൂപ്മിലി പിറന്നത്. അമ്മ സോണ്ടി പട്രോപി, പ്രസവത്തോടെ മരിച്ചു. പ്രസവത്തിനിടെ അമ്മ മരിച്ചാൽ കുഞ്ഞിന്റെ നെഞ്ചിൽ മുളങ്കമ്പ് കുത്തിയിറക്കി കുഞ്ഞിനെ കൊല്ലണം. അമ്മയുടെ രക്തം കുടിച്ച കുഞ്ഞിനുള്ള ശിക്ഷയാണിത്. അമ്മയുടെ മൃതദേഹത്തിനരികെ കുഞ്ഞിനെ കോർക്കുവാനുള്ള മുളങ്കമ്പ് ഗ്രാമവാസികൾ കുത്തി നിർത്തി. വിവരം അറിഞ്ഞ് ഓടിയെത്തിയ മിഥുൻ കുഞ്ഞിന്റെ സംരക്ഷണം ഏറ്റെടുക്കാൻ ഞാൻ തയ്യാറാണെന്നും കുഞ്ഞിനെ വധിക്കരുതെന്നും ഗ്രാമത്തലവനോട് അപേക്ഷിച്ചു. വധശിക്ഷ തത്ക്കാലം ഒഴിവാക്കി.

തുടർന്ന് സർക്കാർ പ്രതിനിധികളെ സമീപിച്ച് കുഞ്ഞിന്റെ സംരക്ഷണത്തിനുള്ള വഴി തേടി. ഹാമറൺ മജിസ്ട്രേറ്റിന്റെ സാന്നിദ്ധ്യത്തിൽ മിഥുൻ കരാറിൽ ഒപ്പിട്ട് മിഥുൻ രൂപ്മിലിയുടെ രക്ഷാകർതൃത്വം ഏറ്റെടുത്തു. അങ്ങനെ പത്തുമാസം പ്രായമുള്ള കുഞ്ഞ് മിഥുന്റെ മാതാപിതാക്കളായ സുവിശേഷകൻ പി.വി. ജോണിയുടെയും മെറീന ജോണിയുടെയും സംരക്ഷണത്തിലായി. ഇന്ന് രൂപ്മിലിക്ക് മൂന്നര വയസ്സ് കഴിഞ്ഞു. അവൾ സന്തോഷത്തോടെ പാട്ടുകൾ പാടുന്നു. വാക്യങ്ങൾ ഉരുവിടുന്നു. ദൈവകൃപയിൽ വളരുന്നു. ദൈവത്തിന് മഹത്വം.

**ഇ.ജെ.പി.**

# 2 ഫിലേമോൻ ലേഖന പഠനം

**സാംസൺ ഹെൻറി, കൊല്ലം**

**പൗലൊസിന്റെ ലേഖനങ്ങളെല്ലാം സഭകൾക്കോ വ്യക്തികൾക്കോ ഉപദേശപരമായ കാര്യങ്ങളുൾക്കൊള്ളിച്ചാണ് എഴുതിയിട്ടുള്ളത്. എന്നാൽ ഫിലേമൊനെഴുതിയ ലേഖനം ഒരു വ്യക്തിപരമായ കത്താണ് എന്നുള്ള പ്രത്യേകതയുണ്ട്. തികച്ചും വ്യക്തിപരമായ കത്തെങ്കിലും പരിശുദ്ധാത്മാവ് ഇതിനെയും തിരുവെഴുത്തുകളോടൊപ്പം കൂട്ടിച്ചേർത്തു.**

**എഴുത്തുകാരൻ :** പൗലൊസ് (ഫിലേ.1,9,19)

**എഴുതിയ കാലം, സ്ഥലം :** ഏകദേശം എ.ഡി. 60- ൽ റോമൻ കാരാഗൃഹത്തിൽ നിന്നും

**ആർക്കെഴുതി :** ഫിലേമോന് - അടിമകളുടെ യജമാനൻ എങ്കിലും സുവിശേഷത്താൽ ദൈവമകനായിത്തീർന്ന കൊലൊസ്സ്യ പട്ടണത്തിലെ ഒരു ധനികൻ ആയിരുന്നു ഫിലേമോൻ. പൗലൊസ് തന്റെ സ്വന്തകയ്യാൽ ലേഖനം എഴുതിയതെന്നു പറഞ്ഞിരിക്കുന്നു (19).

**വിഷയം :** കൊലൊസ്യപട്ടണത്തിലെ വിശ്വാസിയായ ഫിലേമോന്റെ അടിമയായിരുന്ന ഒനേസിമൊസ് യജമാനനെ അനുസരിക്കാതെ നഷ്ടങ്ങളുണ്ടാക്കിക്കൊണ്ടു റോമിലേക്കു ഓടിപ്പോയി. പൗലൊസ് മുഖാന്തരം റോമിൽവെച്ചു മാനസാന്തരപ്പെട്ടു രക്ഷിക്കപ്പെട്ട ഒനേസിമൊസിനെ ഫിലേമോനെഴുതിയ കത്തുമായി മടക്കി അയെക്കുന്നു. ഒനേസിമൊസിന്റെ തെറ്റുകൾ ക്ഷമിച്ചു അവന്റെ കടങ്ങളെല്ലാം പൗലൊസിൽ ചേർത്തുകൊണ്ട് അവനെ സ്വീകരിക്കുവാൻ ഫിലേമോനോടു ആവശ്യപ്പെടുന്നതാണ് ഈ സ്വകാര്യ കത്തിന്റെ ഉള്ളടക്കം.

**പ്രധാന പദങ്ങൾ :** (1) ക്രിസ്തീയ ക്ഷമ (2) മോചനം (3) സാഹോദര്യം.

**പ്രധാന വാക്യങ്ങൾ :** ഫിലേ. 15, 16, 17.

**ലക്ഷ്യം :**

(1) ഫിലേമോന്റെ അടുക്കൽ നിന്നു ഓടിപ്പോയ അടിമയായ ഒനേസിമോസിനോടു ക്ഷമിക്കണമെന്നും, ക്രിസ്തീയബന്ധത്തിൽ ഒരു സഹോദരനായി സ്വീകരിക്കണമെന്നും അപേക്ഷിക്കുന്നതാണ് ലേഖനത്തിന്റെ പ്രധാന ലക്ഷ്യം.

(2) ജയിലിൽ നിന്നും മോചിതനാകുമ്പോൾ തനിക്കു താമസിക്കുവാൻ ഒരു പാർപ്പിടം ഒരുക്കുവാനും ഫിലേമോനോടു ആവശ്യപ്പെടുന്നു (വാക്യം.22).

**പുസ്തക വിഭജനം : (ഒരു അദ്ധ്യായം)**

1. ഫിലേമോനെ ഓർത്തു പ്രാർത്ഥന, സ്തുതി : 1-7
2. ഒനേസിമൊസ്, പ്രയോജനമുള്ളവൻ, അവനായുള്ള അപേക്ഷ : 8-16
3. ഫിലേമോനുള്ള വാഗ്ദാനം (ഞാൻ തന്നു തീർക്കാം) 17-25

**പ്രത്യേകത :**

(1) ബൈബിളിലെ അറുപത്തിയാറു പുസ്തകങ്ങളിൽ ഒരദ്ധ്യായം മാത്രമുള്ളത് പഴയനിയമത്തിൽ ഒന്നും പുതിയനിയമത്തിൽ നാലും ഉൾപ്പെടെ ആകെ അഞ്ചു പുസ്തകങ്ങളാണ്. അവ

(a) ഓബദ്യാവ് (b) രണ്ടു യോഹന്നാൻ (c) മൂന്നു യോഹന്നാൻ (d) യൂദാ (e) ഫിലേമോൻ

(2) പൗലൊസിന്റെ ലേഖനങ്ങളെല്ലാം സഭകൾക്കോ വ്യക്തികൾക്കോ ഉപദേശപരമായ കാര്യങ്ങളുൾക്കൊള്ളിച്ചാണ് എഴുതിയിട്ടുള്ളത്. എന്നാൽ ഫിലേമൊനെഴുതിയ ലേഖനം ഒരു വ്യക്തിപരമായ കത്താണ് എന്നുള്ള പ്രത്യേകതയുണ്ട്. തികച്ചും വ്യക്തിപരമായ കത്തെങ്കിലും പരിശുദ്ധാത്മാവ് ഇതിനെയും തിരുവെഴുത്തുകളോടൊപ്പം കൂട്ടിച്ചേർത്തു.

(3) പൗലൊസിന്റെ ലേഖനങ്ങളിൽ ഏറ്റവും ചെറുത് ഫിലേമോനു എഴുതിയ ലേഖനമാണ്. ഒരു അദ്ധ്യായമുള്ള ലേഖനത്തിൽ ഇരുപത്തിയഞ്ചു വാക്യങ്ങൾ ഉൾക്കൊള്ളുന്നു.

(4) ഫിലേമോനെഴുതിയ ലേഖനം റോമയിലെ കാരാഗൃഹവാസകാലത്തു പൗലൊസ് എഴുതിയ നാലു ലേഖനങ്ങളിൽ ഒന്നാണ്. കാരാഗൃഹലേഖനങ്ങൾ എഫെസ്യർ, ഫിലിപ്പിയർ, കൊലൊസ്സ്യർ, ഫിലേമോൻ എന്നിവയാണ്. ഇവ നാലും ക്രിസ്തുവും, വിശ്വാസികളും, സഭയും തമ്മിലുള്ള ബന്ധത്തെ കുറിക്കുന്നു. കൊലൊസ്യർ ശിരസ്സായ ക്രിസ്തുവിനെയും, എഫെസ്യർ ശിരസ്സിനോടു ബന്ധപ്പെട്ട ശരീരമാകുന്ന സഭയെയും കുറിക്കുന്നു. ശരീരത്തോടു ചേർന്നു ഇരുവശങ്ങളിലായി ഫിലിപ്പിയലേഖനം --> ക്രിസ്തു, സന്തോഷദായകൻ എന്നും ഫിലേമോന്റെ ലേഖനം --> ക്രിസ്തു, നഷ്ടപ്പെട്ട ബന്ധത്തെ പുനഃസ്ഥാപിക്കുന്നവൻ എന്നും വെളിപ്പെടുത്തുന്നു.

(5) ഫിലേമോൻ, പൗലൊസു, ഒനേസിമൊസ് എന്നിവർ യഥാക്രമം പിതാവായ ദൈവത്തിന്റെയും, പുത്രനായ ക്രിസ്തുവിന്റെയും, പാപികളായ മനുഷ്യരുടെയും നിഴലുകളായിരിക്കുന്നു.

**ഫിലേമോൻ :** പിതാവായ ദൈവത്തിന്റെ നിഴൽ. ഫിലേമോൻ ഒനേസിമൊസിൽ അതിക്രമം കാണുന്നു. ഫിലേമോൻ യജമാനൻ എന്ന നിലയിൽ നീതി നടത്തുന്നവൻ. ദൈവം നീതിമാൻ.

**പൗലൊസ് :** കർത്താവായ യേശുക്രിസ്തുവിന്റെ നിഴൽ. യജമാനനായ ഫിലേമോന്റെയും, കുററക്കാരനായ ഒനേസിമൊസിന്റെയും ഇടയിൽ പക്ഷവാദം ചെയ്യുന്ന പൗലൊസ്. നമ്മുടെ കർത്താവായ യേശുക്രിസ്തു ഏക മദ്ധ്യസ്ഥൻ, പാപക്കടം കൊടുത്തു തീർത്തവൻ.

**ഒനേസിമൊസ് :** പാപികളായ മനുഷ്യരുടെ നിഴൽ. കുററം ചെയ്തു, വീടു വിട്ടോടി, മരണശിക്ഷെക്കു അർഹരായവൻ. ഇനി എങ്ങനെ യജമാനന്റെ മുമ്പിൽ നിൽക്കാം. എന്നാൽ ഇപ്പോൾ യേശുക്രിസ്തുമൂലം യജമാനനോടു നിരപ്പു ലഭിച്ചവനായി മകനായി, സഹോദരനായി, അവകാശിയായി ഭവനത്തിലേക്കു എത്തിചേർന്നു.

**ഫിലേമോന്റെ ലേഖനത്തിലെ വ്യക്തികളുടെ പേരും അതിന്റെ അർത്ഥവും - - -**

(1) പൗലൊസ് = ചെറിയത്
(2) തിമൊഥെയൊസ് = ദൈവത്തെ ബഹുമാനിക്കുക 'അഥവാ' ദൈവത്താൽ മാനിക്കപ്പെട്ട
(3) ഫിലേമോൻ = പ്രിയമുള്ളവൻ, സ്നേഹമുള്ളവൻ
(4) അപ്പിയ = പ്രിയപ്പെട്ടത്
(5) അർക്കിപ്പൊസ് = കുതിരപ്രമാണി
(6) ഒനേസിമൊസ് = പ്രയോജനമുള്ളത്
(7) എപ്പഫ്രാസ് = ഉത്തേജനമായത്
(8) മർക്കൊസ് = വിനീതമായ, വലിയ ചുറ്റിക
(9) അരിസ്തർക്കൊസ് = നല്ല ഭരണാധികാരി
(10) ദേമാസ് = അറിയുന്നത്
(11) ലൂക്കൊസ് = പ്രകാശിക്കുന്നത്

**ഫിലേമോന്റെ പ്രത്യേകതകൾ - - -**

(1) വീട്ടിൽ സഭാകൂടിവരവുള്ളവൻ (കുടുംബമായി ദൈവത്തെ ആരാധിക്കുന്നവൻ (ഫിലേ.2)

(2) കർത്താവിനോടും വിശ്വാസികളോടും സ്നേഹവും വിശ്വാസവുമുള്ളവൻ (ഫിലേ.4)

(3) പൗലൊസിന്റെ പ്രാർത്ഥനയിൽ ഓർക്കുവാനും ദൈവത്തിനു അവനെക്കുറിച്ചു സ്തോത്രം ചെയ്യുവാനും കാരണമുള്ളവൻ (ഫിലേ.6)

(4) വിശുദ്ധന്മാരുടെ ഹൃദയത്തെ തണുപ്പിച്ചവൻ (ഫിലേ.7)

(5) അനുസരണയുള്ളവൻ (ഫിലേ.21)

**ക്രിസ്തു ഫിലേമോനിൽ - - -**

(1) ക്രിസ്തു നഷ്ടപ്പെട്ട ബന്ധത്തെ പുനഃസ്ഥാപിക്കുന്നവൻ

(2) ക്രിസ്തു സ്നേഹസമ്പൂർണ്ണൻ (7)

(3) ക്രിസ്തു നമ്മുടെ കടങ്ങൾ വീട്ടുന്നവൻ (18)

(4) കർത്താവായ യേശുക്രിസ്തുവിങ്കൽ നിന്നുമാണ് കൃപയും സമാധാനവും ലഭിക്കുന്നത് (3).

യേശുക്രിസ്തു മൂലം ലഭിക്കുന്ന പാപക്ഷമ ഫിലേമോന്റെ ലേഖനത്തിലൂടെ വെളിപ്പെടുന്നു. ഒനേസിമൊസിന്റെ കടം കൊടുത്തു തീർക്കുന്ന ബാദ്ധ്യത പൗലൊസ് ഏറ്റെടുക്കുന്നു. നാം ഓരോരുത്തരും ഒനേസിമൊസിനെപ്പോലെയുള്ളവരായിരുന്നു. ഫിലേമോന്റെ മുമ്പാകെ പൗലൊസ് അഭയ യാചന ചെയ്യുന്നതുപോലെ ക്രിസ്തു നമുക്കുവേണ്ടി പിതാവിന്റെ സന്നിധിയിൽ പക്ഷവാദം ചെയ്യുന്നു. ഒനേസിമൊസ് ന്യായപ്രമാണപ്രകാരം ശിക്ഷാർഹനെങ്കിലും കൃപയാൽ മോചിക്കപ്പെടുന്നു. മുടിയൻ പുത്രനെപ്പോലെ നാമും പിതാവായ ദൈവത്തെ അനുസരിക്കാതെ ലക്ഷ്യംവിട്ടു സഞ്ചരിച്ചിരുന്നു. എന്നാൽ ദൈവസ്നേഹം തിരിച്ചറിഞ്ഞു തിരികെ വന്നപ്പോൾ ക്രിസ്തുവിലൂടെ ലഭിക്കുന്ന സമാധാനം ഇവിടെ വെളിപ്പെടുന്നു. എന്നേക്കും അന്ധകാരത്തിലും മരണഭീതിയിലും കഴിയേണ്ടിയിരുന്ന നമ്മെ ക്രിസ്തുവിൽ സ്വതന്ത്രരാക്കി. ●

# നമ്മുടെ തീരുമാനങ്ങളും ദൈവഹിതവും

**സ്കറിയാ വർഗീസ്, കളമശ്ശേരി**

**ഉചിതമായ തെരഞ്ഞെടുപ്പ് മനുഷ്യരുടെ വ്യക്തിത്വത്തെ ശ്രേയസ്കരമാക്കുന്നു. കർത്താവിൻ വിശ്വസിക്കുമ്പോൾ കർത്താവും പരിശുദ്ധാത്മാവും വിശ്വസിച്ചവരിൽ വസിക്കുകയും ദൈവാനുരൂപമായ പുതിയ സൃഷ്ടിയായി മാറുകയും ചെയ്യുന്നു.**

ഓരോരുത്തരുടെയും ജയാപജയങ്ങൾ നിലകൊള്ളുന്നത് അവസരോചിതമായി എടുക്കുന്ന തീരുമാനങ്ങളിൽ (decisions) ആണ്. ഓരോ രാജ്യത്തിന്റെയും യശസ്സ് നിലനിൽക്കുന്നത് ഭരണകർത്താക്കൾ എടുക്കുന്ന തീരുമാനങ്ങളിലാണ്. ഓരോ വിശ്വാസിയുടെയും ആത്മീയ ഉന്നതിയും പരാജയവും ഉണ്ടാകുന്നത് ദൈവസന്നിധിയിൽ അവരെടുക്കുന്ന തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണ്.

ദൈവം മനുഷ്യനെ സ്വന്തം സ്വരൂപത്തിലും, സാദൃശത്തിലും സൃഷ്ടിച്ചപ്പോൾ സ്വതന്ത്രമായി തീരുമാനമെടുക്കുവാനും പ്രാവർത്തികമാക്കുവാനുമുള്ള മനസ്സും (rational mind) കൊടുത്തിരുന്നു. ദൈവീക വഴികളെ തെരഞ്ഞെടുക്കുവാനും നിരസ്സിക്കാനുമുള്ള സ്വാതന്ത്ര്യം മനുഷ്യന് കൊടുത്തിട്ടുണ്ട്. തൽഫലമായി മനുഷ്യൻ സാത്താന്റെ വാക്കുകൾക്ക് ചെവികൊടുക്കുവാനും പാപത്തിൽ വീഴുവാനും ഇടയായി. ഉചിതമായ തെരഞ്ഞെടുപ്പ് മനുഷ്യരുടെ വ്യക്തിത്വത്തെ ശ്രേയസ്കരമാക്കുന്നു. കർത്താവിൻ വിശ്വസിക്കുമ്പോൾ കർത്താവും പരിശുദ്ധാത്മാവും വിശ്വസിച്ചവരിൽ വസിക്കുകയും ദൈവാനുരൂപമായ പുതിയ സൃഷ്ടിയായി മാറുകയും ചെയ്യുന്നു.

ഒന്നാം നൂറ്റാണ്ടിലെ വിശ്വാസികൾ ഏറ്റവും ക്രൂരമായ പോരാട്ടങ്ങളിലൂടെ കടന്നുപോകേണ്ടി വന്നു. ഓരോ വിശ്വാസിയുടെയും മുമ്പിൽ ക്രൂശും, വിഗ്രഹവും വെയ്ക്കും. ക്രൂശ് തിരഞ്ഞെടുക്കുന്നവർക്ക് ക്രൂരമായ പീഢയും മരണവും സുനിശ്ചിതമായിരുന്നു. യിസ്രായേലിനോട് യഹോവ ചോദിക്കുന്നു. "നിങ്ങൾ ഏതു തെരഞ്ഞെടുക്കും" (ആവ. 30:14).

ഏലിയാവ് യിസ്രായേലിനോട് ചോദിക്കുന്നു "നിങ്ങൾ എത്രത്തോളം രണ്ടു വഞ്ചിയിൽ കാൽ വെയ്ക്കും" യഹോവ ദൈവമെങ്കിൽ ദൈവത്തെ സേവിപ്പിൻ ഇല്ലെങ്കിൽ ബാലിനെ സേവിപ്പിൻ" യോശുവ ദൈവജനത്തോട് ഇങ്ങനെ പറഞ്ഞു. "ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും" കർത്താവിന്റെ കൃപ ദൈവജനത്തിന് എന്നും അനുഗ്രഹമാണ്.

ദൈവജനത്തിന്റെ വിശ്വാസയാത്രയിൽ പോരാട്ടങ്ങൾ സൃഷ്ടിക്കുന്നതിന് സാത്താൻ ഒരു വലിയ സൈന്യത്തെ തന്നെ നിയോഗിച്ചിട്ടുണ്ട്. എന്നാൽ നമ്മെ സുരക്ഷിതരായി കാക്കുന്ന കർത്താവിന്റെ കരങ്ങളുണ്ട്. നാം പൂർണ്ണമായും കർത്താവിലാശ്രയിക്കുമ്പോൾ ദൈവനാമം നമ്മിലൂടെ മഹത്വപ്പെടുന്നു.

പരദേശി മോക്ഷയാത്രയിൽ ക്രിസ്ത്യാനിക്ക് തന്റെ യാത്രയിൽ വിവിധ പോരാട്ടങ്ങൾ സഹിക്കേണ്ടി വന്നു. അവിടെ വിശാലഹൃദയനെന്ന സഹായി വന്ന് ക്രിസ്ത്യാനിയെ അപകടങ്ങളിൽ വീഴാതവണ്ണം വിടുവിക്കുന്നു. യിസ്രയേൽ ജനം കനാൻ നാട്ടിലെത്തുവോളം എല്ലാ സ്വർഗ്ഗീയകൃപകളും കഴിവുകളും കൊടുത്ത് മോശെയെ അവരുടെ നായകനാക്കി. അതിനുമുമ്പ് മോശെ ഒരു തീരുമാനമെടുത്തു. "ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്നെണ്ണി" (എബ്രാ. 11:26). മോശെ ഉയരത്തിലേക്ക് നോക്കി സ്വർഗ്ഗീയ മഹത്വം കണ്ടപ്പോൾ തനിക്ക് ഫറവോന്റെ കൊട്ടാരത്തിൽ നിന്നും ലഭിച്ച പദവികളെല്ലാം നിഷ്പ്രഭമായി. ഫറവോന്നും അവനുള്ളതെല്ലാം നശിച്ചുപോകുന്നതാണെന്ന് മോശെ ഗ്രഹിച്ചു.

''വിശ്വാസത്താൽ മോശെ ദൈവത്തെ കണ്ടതുപോലെ ഉറച്ചുനിക്കയാൽ രാജാവിന്റെ കോപം ഭയപ്പെടാതെ മിസ്രയീം വിട്ടുപോന്നു (എബ്രാ. 11:7). മോശെ ദൈവത്തെ പൂർണ്ണമായും അനുസരിച്ചതുകൊണ്ട് ഫറവോ രാജാവിന്റെ കോപം ഭയപ്പെട്ടില്ല. മാത്രമല്ല അടിമ വീടായ മിസ്രയീം വിട്ടുപോരികയും ചെയ്തു. ഫറവോന്റെ പുത്രിതന്നെ രക്ഷിച്ചതുകൊണ്ട്, വളർത്തിയതുകൊണ്ട്, മിസ്രയീമിലെ എല്ലാ ജ്ഞാനവും പഠിപ്പിച്ചതുകൊണ്ടും മോശെയ്ക്ക് ഫറവോന്റെ പുത്രിയോട് ഏറെ കടപ്പാട് ഉണ്ടായിരുന്നു. ദൈവം അവന്റെ ഹൃദയത്തിൽ പ്രവർത്തിച്ചപ്പോൾ, തന്റെ മഹത്വം കാണിച്ചുകൊടുത്തപ്പോൾ ലോകത്തിന്റെ പുകഴ്ചകളെല്ലാം മോശെ പുറകിൽ എറിഞ്ഞുകളഞ്ഞു.

സാത്താനും അവന്റെ പടയാളികളും ദൈവജനത്തെ ക്ഷീണിപ്പിക്കുവാൻ ഏറെ ശ്രമിക്കും "മാനുഷഭയം ഒരു കെണി" (സദൃ.29:25).

നമ്മുടെ ജീവിതത്തിൽ ചിലപ്പോൾ ഏറിയ സമ്മർദ്ദങ്ങളെ അഭിമുഖീകരിക്കേണ്ടിവരും. മിസ്രയീമിലേക്ക് ഇറങ്ങിപ്പോയ അബ്രഹാം തന്റെ ഭാര്യ സാറായിയെ പെങ്ങൾ എന്നു പറയേണ്ടിവന്നു. രാജാവിന്റെ അരമനയിലേക്ക് സാറായിയെ കൊണ്ടുപോയി. മാനുഷഭയം വരുത്തിവെച്ച വിന. സീനായ് പർവ്വതിന്റെ അടിവാരത്തുവെച്ച് ജനങ്ങളുടെ സമ്മർദ്ദത്താൽ യിസ്രയേലിനു അഹരോൻ ഒരു വിഗ്രഹത്തെ വാർത്തുണ്ടാക്കി കൊടുക്കേണ്ടി വന്നു. തൻനിമിത്തം മോശെയുടെ കൽപ്പനയനുസരിച്ച് യഹോവയുടെ പക്ഷത്തേയ്ക്ക് വന്ന ലേവ്യർ ഇരുപതിനായിരം യിസ്രായേൽ ജനത്തെ കൊന്നൊടുക്കി. ഗലീലാകടലിലൂടെ പടകിൽ പോയ ശിഷ്യന്മാരും ഏറെ കഷ്ടതയനുഭവിക്കേണ്ടിവന്നു. തക്കസമയത്ത് കർത്താവിന്റെ സാന്നിദ്ധ്യം അവർക്ക് ഏറെ ആശ്വാസമായി. ലോകവ്യവസ്ഥിതികളുടെ മുമ്പിൽ ദൈവജനവും ഏറെ കഷ്ടം സഹിക്കേണ്ടിവരും. എന്നാൽ അവിടെ എല്ലാം നമ്മെ ആശ്വസിപ്പിക്കുന്ന കർത്താവിന്റെ കരങ്ങളുണ്ട്. പ്രതികൂലമായ രാജകൽപന ഉണ്ടായിട്ടും ദാനിയേൽ ചെയ്തു വരുന്നതുപോലെ ദിവസവും മൂന്നു വട്ടം ദൈവത്തോട് പ്രർത്ഥിച്ചു.

നാമും കർത്താവിനോടൊരുമിച്ച് നടക്കുന്നവരാണ്. സഭയുടെ ശിരസ്സായ കർത്താവ് നമുക്കുവേണ്ടി ഉയരത്തിലുണ്ട്. മാത്രമല്ല അനുഗ്രഹീതമായ വഴിയിലൂടെ നമ്മെ നടത്തുവാൻ കർത്താവിന്റെ സാന്നിദ്ധ്യമുണ്ട്. ദൈവകൃപയിൽ പൂർണ്ണമായും ആശ്രയിച്ച് യാത്ര തുടരാം. ●

▶▶ 1-ാം പേജ് തുടർച്ച

# യേശുക്രിസ്തു എന്നും അനന്യൻ

പുതിയനിയമവിശ്വാസികൾ, നമുക്കായി കുരിശിൽ മരിച്ചുയിർത്തുജീവിക്കുന്ന കർത്താവിനെ പുറകോട്ടു നോക്കി വിശ്വാസത്താലുള്ള പ്രത്യാശയോടെ ആരാധിക്കുന്നു. "നമ്മെ വെട്ടിയെടുത്ത പാറയിലേക്കും കുഴിച്ചെടുത്ത ഖനിഗർഭത്തിലേക്കും തിരിഞ്ഞു നോക്കി നമുക്കു ലഭിച്ച വിടുതലിനെ ഓർത്ത് നന്ദിയോടെ ആരാധിക്കുന്നു" (യെശ. 51:1).കഴിഞ്ഞനാളുകളിൽ അവൻ നടത്തിയ വിധങ്ങളെ ഓർത്ത് നാം ആരാധിക്കുന്നു. എത്രയോ ആപത്തനർത്ഥങ്ങൾ നമുക്കു മീതെ കടന്നുപോയി. അത് നമ്മെ അടിമപ്പെടുത്താതെ തന്റെ നീതിയുള്ള വലങ്കയ്യാൽ നമ്മെ താങ്ങി സൂക്ഷിച്ചു. തന്റെ ദൂതന്മാരാൽ കാവൽ ചെയ്തു.

നമ്മുടെ കാൽ കല്ലിനോട് തട്ടി വീണുപോകാതിരിപ്പാൻ തന്റെ കൈകളിൽ നമ്മെ സൂക്ഷിച്ചു.

**2. അവൻ നമുക്ക് ഇന്ന് :**

"അവൻ നമ്മുടെ ജീവിതത്തിൽ ചെയ്ത ഉപകാരത്തെ, നമുക്ക് ലഭിച്ച വലിയ രക്ഷയെ പുറകോട്ടു നോക്കി ഹൃദയം നിറഞ്ഞ് നന്ദിയോടെ ആരാധിക്കുന്നു" (സങ്കീ. 73:22-24). ഇന്നലെ ഞാൻ പൊട്ടനും ഒന്നുമറിയാത്തവനുമായി മൃഗംപോലെയായിരുന്നു. ഇന്ന് അവൻ എന്റെ വലങ്കൈ പിടിച്ചിരിക്കുന്നു. നാളെ അവൻ എന്നെ മഹത്വത്തിലേക്ക് ചേർത്തുകൊള്ളും. ഇത് ഭക്തന്റെ പ്രത്യാശയാണ്. അവൻ നമുക്ക് ആത്മീകനന്മകളും ഭൗമീകനന്മകളും തന്ന് ജയോത്സവമായി പുലർത്തുന്നു. ഏറ്റവും ഉപരിയായി തന്റെ പുത്രനെ തന്നു നമ്മെ രക്ഷിച്ചു. പഴയനിയമവിശുദ്ധർക്ക് ലഭിക്കാത്ത അത്ഭുതസ്നേഹം നമ്മോടുകാട്ടി നമ്മെ വീണ്ടെടുത്തു. നൂറ്റാണ്ടുകൾ അവർ മശിഹയെ കാത്തിരുന്നു. യോഹ. 1:41 ൽ അന്ത്രയോസ് ശീമോനോടു പറഞ്ഞു "ഞങ്ങൾ മശിഹയെ എന്നുവെച്ചാൽ ക്രിസ്തുവെ കണ്ടെത്തി" നൂറ്റാണ്ടുകൾ അന്വേഷിച്ചു നടന്നത് ഇപ്പോൾ കണ്ടെത്തിയിരിക്കുന്നു. നാം അവനെ അന്വേഷിച്ചതല്ല. അവൻ നമ്മെ തേടി വന്ന് ക്രൂശിൽ കൂടെ നമ്മെ കണ്ടെത്തി. യോഹ. 1:11,12 -ൽ അവൻ സ്വന്തത്തിലേക്കുവന്നു, സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല. അവനെ കൈക്കൊൾവാനും, അവനിൽ വിശ്വസിക്കുവാനും, ദൈവമക്കളായി തീരാനും നമുക്ക് കൃപ ലഭിച്ചു. ലോകം അവനെ പരിഹസിച്ചു നിന്ദിച്ചു തള്ളി ക്രൂശിലേറ്റി. അവനെ കണ്ടാൽ ആളല്ല എന്നു തോന്നുമാറ് വിരൂപമാക്കി, കഷ്ടാനുഭവങ്ങളാൽ തികഞ്ഞവനായി നമുക്കായി ജീവനെ ഏല്പിച്ചു തന്നു. അവനിൽ വിശ്വസിച്ച് ഏറ്റുപറഞ്ഞ് നാം ദൈവമക്കളായിത്തീർന്നു. സ്വർഗ്ഗത്തിലെ സകല അനുഗ്രഹങ്ങളും അവകാശങ്ങളും ക്രിസ്തുവിനോട് കൂട്ടവകാശവും തന്ന്, തന്നോടൊപ്പം ഇരിപ്പാനുള്ള ഭാഗ്യപദവികളും വാഗ്ദാനം ചെയ്ത് നമ്മെ ഏറ്റവും മാനിച്ചു ഉയർത്തി. എബ്രാ. 1:3 -ൽ അവൻ നമുക്ക് പാപങ്ങളുടെ പരിഹാരം വരുത്തിയശേഷം ഉയരത്തിൽ മഹിമയുടെ വലത്തുഭാഗത്തിരിക്കുന്നു.അതുകൊണ്ട് രക്ഷിക്കപ്പെട്ട നാം ഉയരത്തിലുള്ളത് ചിന്തിക്കണം കൊലൊ. 3:1. "കർത്താവ് ഉയരത്തിൽ വസിക്കുന്നതിനാൽ വിശ്വാസി ഉയരത്തിലുള്ളത് ചിന്തിക്കയും ആശ്രയിക്കയും വേണം" (യെശ. 33:5, 57:15). "നാം അവന്റെ വലത്തുഭാഗത്തെ പ്രമോദങ്ങളും സന്തോഷവും അനുഭവിക്കണം" (സങ്കീ. 16:8,9). "വിശ്വാസിക്ക് നിരന്തരം സ്വർഗ്ഗവുമായും വചനവുമായും ബന്ധമുണ്ടായിരിക്കുകയും വേണം. നാം ദൈവശബ്ദം കേൾക്കയും ദൈവവുമായി സമ്പർക്കം പുലർത്തി അതിൽ രസിക്കണം. ഇന്നത്തെ യുവതലമുറ വചനം വായിക്കാൻ താല്പര്യപ്പെടുകയോ ആത്മീക കാര്യങ്ങൾ ശ്രദ്ധിക്കയോ ചെയ്യുന്നില്ല. കേവലം മൃഗങ്ങളെപ്പോലെ തിന്നും കുടിച്ചും കഴിയുന്നു. ടി.വി., മൊബൈൽ ഫോൺ അവരെ വളരെ സ്വാധീനിക്കുന്നു. "ദൈവം ദീർഘക്ഷമയുള്ളവനാകകൊണ്ട് ഉടൻ ശിക്ഷിക്കപ്പെടാതെ പോകുന്നു. അതിനാൽ ദൈവത്തെക്കുറിച്ചു ഭയമില്ലാതെ പോകുന്നു. ഇന്നത്തെ മ്ലേച്ഛമായ കുറ്റകൃത്യങ്ങളിൽ അധികപങ്കും ചെറുപ്പക്കാരാണ് ചെയ്യുന്നത്. ദൈവത്തെ ഭയവും മനുഷ്യനെ ശങ്കയുമില്ല" (യെശ. 57:11, സഭാ.പ്ര. 8:11). പിതാക്കന്മാരോടുള്ള ദൈവത്തിന്റെ വിശ്വസ്തതയാൽ അവരുടെ കണ്ണുനീരിന്റെ ഫലമായി ഒന്നിനും കുറവില്ലാത്ത അനുഗ്രഹിക്കപ്പെട്ടവരാകുന്നു. അവർ കർത്താവിനെ മറന്ന് വചനത്തെ നിരസിക്കുന്നു. യോഹ. 14:15,23 -ൽ എന്നെ സ്നേഹിക്കുന്നവൻ എന്റെ കല്പനകളെ പ്രമാണിക്കും. എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനത്തെ കാത്തുകൊള്ളും. കർത്താവിനെ ഉണ്മയായി സ്നേഹിക്കുന്നവൻ വചനം വായിക്കയും ധ്യാനിക്കയും, പ്രാർത്ഥിക്കയും ചെയ്യുന്നതിൽ മടുപ്പു കാണിക്കില്ല. വീണ്ടും വരുന്ന കർത്താവിനായി കാത്തിരിക്കും. സങ്കീ. 121:1 -ൽ എനിക്കു സഹായം വരുന്ന ഉയരത്തിലേക്ക് ആകാംക്ഷയോടെ കാത്തിരിക്കും. മനുഷ്യന്റെ സഹായം വ്യർത്ഥവും, താല്ക്കാലികവും, പരിമിതിയുള്ളതുമാണ്. എന്നാൽ ഉയരത്തിൽ നിന്നുള്ള സഹായം നിലനില്ക്കുന്നതും പരിധിയില്ലാത്തതുമാണ്. അത് യാതൊരു വ്യവസ്ഥകളുമില്ലാത്തതുമാണ്. അവനിലാശ്രയിച്ച് കണ്ണുകൾ ഉയർത്തി ഉയരത്തിലുള്ളത് ചിന്തിക്കാം. യിരെമ്യാവ് പറഞ്ഞു "ഞാൻ വചനം കണ്ടെത്തി ഭക്ഷിച്ചിരിക്കുന്നു". നാം ദിവസവും കർത്താവിന്റെ ശബ്ദം കേൾക്കണം, മുഖം ദർശിക്കണം, ശബ്ദം തിരിച്ചറിയണം, രക്തത്താൽ വീണ്ടെടുക്കപ്പെട്ടവന്റെ കരച്ചിലിന്റെ ശബ്ദം കർത്താവ് തിരിച്ചറിഞ്ഞ് മറുപടി നൽകും. സങ്കീ. 18:6 -ൽ ഞാൻ നിലവിളിച്ചു, തന്റെ മന്ദിരത്തിൽ നിന്ന് എന്റെ അപേക്ഷ കേട്ടു. തിരുമുമ്പിൽ കഴിച്ച പ്രാർത്ഥന അവന്റെ ചെവിയിൽ എത്തി. സങ്കീ. 34:5,6,15; 33:18-20. മർക്കോ. 4:36-40, 10:46-51 വരെ ബർത്തിമായി എന്ന കുരുടന്റെ നിലവിളി കേട്ടു കർത്താവ് നിന്നു. ലൂക്കോ. 10:30-36 -ൽ അർദ്ധപ്രാണനായി കിടന്ന മനുഷ്യനോട് ദയ കാണിപ്പാൻ അർഹതപ്പെട്ട ലേവ്യനും, പുരോഹിതനും കണ്ടിട്ട് മാറി കടന്നു പോയി. എന്നാൽ അർഹതയില്ലാത്ത ശമര്യക്കാരൻ തന്റെ വാഹനത്തിൽ നിന്നു താണിറങ്ങി ശുശ്രൂഷ ചെയ്ത് രക്ഷിച്ച് വഴിയമ്പലത്തിലാക്കി. നമ്മുടെ നിലവിളികേട്ട് മനസലിവ് തോന്നിയ ദൈവം തന്റെ പുത്രനെ മറുവിലയായി ഏല്പിച്ചു തന്ന് നമ്മെ രക്ഷിച്ചു. അവൻ ഇന്ന് നമ്മെ ജയോത്സവമായി നടത്തുന്നു.

**3. അവൻ നമുക്ക് നാളെ :**

വിശ്വാസി പ്രത്യാശയോടെ കർത്താവിന്റെ വരവിനെ കാത്തിരിക്കുന്നു. അവൻ ഇന്നലെ നമ്മുടെ രക്ഷകനായി. ഇന്ന് നാം നടക്കേണ്ട ചൊവ്വേയുള്ള വഴിയിൽ നടത്തി പരിപാലിക്കുന്നു. ഞാൻ വീഴാതവണ്ണം എന്റെ വലങ്കൈക്കുപിടിച്ചിരിക്കുന്നു. നാളെ എന്നെ മഹത്വത്തിലേക്ക് ചേർത്തുകൊള്ളും. ഈ താഴ്ചയുള്ള ശരീരം മാറ്റി പുത്രന്റെ രൂപത്തോട് അനുരൂപമാക്കി പുത്രൻ ഇരിക്കുന്നേടത്ത് നമ്മെയും തന്നോടൊപ്പം ഇരുത്തുവാൻ. അവൻ വേഗം വരും. അവൻ എന്നും മഹത്വമുള്ളവൻ. അവൻ അനാദിയായും ശാശ്വതമായും എന്റെ ദൈവം (സങ്കീ. 90:2, യെശ. 57:15, 1 തിമൊ. 6:15,16). അവൻ ആദിയും അന്തവും, ആൽഫയും ഒമേഗയും, ഇന്നും, ഇന്നലെയും എന്നെന്നേക്കും അനന്യൻ. തന്നിലാശ്രയിക്കുന്നവരെ ചേർപ്പാൻ വേഗം വരുന്നവൻ (എബ്രാ. 9:27,28). കാലം മാറും ലോകവും അതിലുള്ളതും മാറും. എന്നാൽ യേശു ഗതിഭേദത്താലുള്ള ആഛാദനം ഇല്ലാത്തവൻ. ഇന്നലെ കഴിഞ്ഞുപോയി. ഇന്ന് നാം ആയിരിക്കുന്നു. നാളെക്കായി കാത്തിരിക്കുന്നു. നാം അവനിൽ ബലപ്പെട്ട് ശക്തിയെ പുതുക്കി തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യാം. യഹോവയിങ്കലേക്ക് നോക്കി കാത്തിരിക്കുന്നവരുടെ പ്രാർത്ഥന അവൻ കേൾക്കും (മീഖാ. 7:7). നാം ക്രിസ്തുവിൽ ബലപ്പെട്ട് അവന്റെ വല്ലഭത്വം അനുഭവിച്ചറിയണം. നാം വീഴാതവണ്ണം പരിശുദ്ധാത്മാവ് താങ്ങി നടത്തുന്നു. എത്രയും അല്പകാലം കഴിഞ്ഞ് വരുവാനുള്ളവൻ വരും താമസിക്കയില്ല. എന്റെ കർത്താവ് ഇന്നലെയും ഇന്നും നാളെയും എന്നെന്നേക്കും അനന്യൻ. എന്നെ ജയോത്സവമായി പരിപാലിക്കുന്നു. ആമേൻ. ●

2-ാം പേജ് തുടർച്ച

# ആശ്രിതർക്കുവേണ്ടി നിയമം മാറ്റി എഴുതുന്ന ദൈവം

എല്ലാം അനുകൂലമെന്ന് ചിന്തിക്കുമ്പോൾ എതിർപ്പ് വരുന്നത് പ്രതീക്ഷിക്കുന്നവരിൽ നിന്നും ആയിരിക്കില്ല. സ്വന്തം അപ്പാപ്പന്മാർ പരാതിയുമായി വന്നു. "സെലോഫഹാദിന്റെ പുത്രിമാർ യിസ്രായേൽ മക്കളുടെ മറ്റു ഗോത്രങ്ങളിലെ പുരുഷന്മാരിൽ വല്ലവർക്കും ഭാര്യമാരായാൽ അവരുടെ അവകാശം ഞങ്ങളുടെ പിതാക്കന്മാരുടെ അവകാശത്തിൽ നിന്നു വിട്ടുപോകയും അവർ ചേരുന്ന ഗോത്രത്തിന്റെ അവകാശത്തോടു കൂടുകയും ചെയ്യും; ഇങ്ങനെ അതു ഞങ്ങളുടെ അവകാശത്തിന്റെ ഓഹരിയിൽ നിന്നു പൊയ്പോകും". മോശ വീണ്ടും ദൈവഹിതം ആരാഞ്ഞു. സെലോഫഹാദിന്റെ പുത്രിമാർ തങ്ങൾക്കു ബോധിച്ചവർക്കു ഭാര്യമാരായിരിക്കട്ടെ; എങ്കിലും തങ്ങളുടെ പിതൃഗോത്രത്തിലെ കുടുംബത്തിലുള്ളവർക്കു മാത്രമേ ആകാവു".

എടീ, അപ്പാപ്പന്മാരു പറയുന്നതിലും കാര്യമുണ്ട്. പിതാക്കന്മാരുടെ അവകാശംഅന്യാധീനപ്പെട്ടു പോകുന്നത് ശരിയല്ലല്ലോ. സഹോദരിമാരെ നമുക്ക് തീർച്ചപ്പെടുത്താം, നമ്മുടെ കുടുംബത്തിൽ നിന്ന് തന്നെ നമുക്ക് ഭർത്താക്കന്മാരെ എടുത്താൽ മതി. അനുസരിക്കുന്ന ത്യാഗത്തെക്കാളും നല്ലതല്ലോ. യഹോവ കല്പിച്ചതുപോലെ സെലോഫഹാദിന്റെ പുത്രിമാർ ചെയ്തു. യോസേഫിന്റെ മകനായ മനശ്ശെയുടെ പുത്രന്മാരുടെ കുടുംബങ്ങളിൽ അവർ ഭാര്യമാരാവുകയും അവരുടെ അവകാശം അവരുടെ പിതൃകുടുംബത്തിന്റെ ഗോത്രത്തിൽ തന്നേ ഇരിക്കയും ചെയ്തു. "നിങ്ങൾ അവിശ്വാസികളോട് ഇണയല്ലാപ്പിണകൂടരുത്".

ദൈവമക്കളേ, ദൈവം താൻ ഒരുക്കിയ രക്ഷയിലൂടെ നമുക്ക് തന്നിരിക്കുന്ന അനുഗ്രഹങ്ങൾ, അവകാശങ്ങൾ, നമ്മുടെ തെറ്റായ തീരുമാനങ്ങളിലൂടെ, അന്യസമൂഹങ്ങളിൽ നിന്ന് കൂട്ടാളികളെ എടുക്കുന്നതിലൂടെ നഷ്ടപ്പെടുത്തിക്കളയുന്നത് ശരിയല്ല. വിശ്വാസികളായ പുരുഷന്മാരും സ്ത്രീകളും ഇണകളെ തിരയുമ്പോൾ ഇത് ഓർത്തിരിക്കുന്നതു നല്ലതാണ്. അബ്രഹാം തന്റെ മകൻ ഇസഹാക്കിനു ഭാര്യയെ അന്വേഷിക്കുമ്പോൾതന്റെ ദേശത്തും ചാർച്ചക്കാരുടെ അടുക്കലും ചെന്ന് പെൺകുട്ടിയ അന്വേഷിക്കുവാൻനിഷ്ക്കർഷിച്ചതു മറ്റൊന്നുകൊണ്ടും അല്ലല്ലോ.

വിധിയെപഴിച്ച്, നിരാശയിൽ കഴിയാതെ ഒന്നിച്ചു നിന്ന് പോരാടി വിജയം വരിച്ചധീരകഥയാണ് സെലോഫഹാദിന്റെ പുത്രിമാരുടേത്. ജീവിതഭാഗധേയത്തിനു മാറ്റം ഉണ്ടാകണമെന്ന് ആത്മാർത്ഥമായി ആഗ്രഹിച്ച്, അതിനുള്ള നേരായ വഴി തേടി. ദൈവഹിതം ആരാഞ്ഞു, അതിന്നായി കാത്തിരുന്നു. ദൈവകൽപ്പന അനുസരിക്കുന്നതിലൂടെവാഗ്ദത്തം ചെയ്ത അനുഗ്രഹങ്ങൾ നഷ്ടപ്പെടാതെ കാത്തു. ദൈവീകനിബന്ധനകൾഅംഗീകരിക്കുകയും പ്രയോഗത്തിൽ വരുത്തുകയും ചെയ്തു. തങ്ങൾക്കു മാത്രമല്ല അനാഥരായ മറ്റു പെൺകുട്ടികൾക്കും പിതൃസ്വത്തിൽ അവകാശം നേടിക്കൊടുത്ത് വിധിയെ മാറ്റി എഴുതി. ദൈവീകഅനുഗ്രഹങ്ങൾക്ക് ആണും പെണ്ണും വ്യത്യാസമില്ല അന്നുംഇന്നും. സെലോഫഹാദിന്റെ പുത്രിമാർ നമുക്കും ഒരു വെല്ലുവിളിയല്ലേ. ●

## സമാധാന സുവിശേഷ സന്ദേശ പ്രഭാഷണം

### ലഹരി വിരുദ്ധ വിളമ്പരവും ബോധവൽക്കരണവും
### പ്രശസ്ത ഗായകസംഘം

| | | |
|---|---|---|
| സ്ഥലം | : | ഏബെൻ ഏസെർ ക്രിസ്ത്യൻ ബ്രദറൺ ചർച്ച്,<br>ആരാധനാലയ അങ്കണം, ചിറ്റൂർ |
| സമയം | : | 2023 ജനുവരി 27 മുതൽ 29 വരെ<br>(വെള്ളി, ശനി, ഞായർ) വൈകിട്ട് 6 മണി മുതൽ 8 മണി വരെ |
| പ്രസംഗകൻ | : | സമാധാന സുവിശേഷ സന്ദേശ പ്രസംഗകൻ<br>ഡോ. ജയിംസ് എം. തോമസ്, നെടുമ്പാശ്ശേരി |
| വിഷയം | : | ആത്മരക്ഷ എങ്ങനെ പ്രാപിക്കാം? ലഹരിയിൽ നിന്ന്<br>മുക്തി നേടുവാൻ മാർഗ്ഗം എന്ത്? |

## മഹത്വത്തിൽ



**ഇടക്കാട്, അടൂർ** : സഹോദരൻ **സി. ജോൺ** (85) ജനുവരി 5 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 6 ന് ഭവനത്തിലെ ശുശ്രൂഷകൾക്ക്ശേഷം ഏഴാം മൈൽ ഹെബ്രോൻ ബ്രദറൺ അസംബ്ലി സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**പുതുപ്പള്ളി, കോട്ടയം** : നിത്യതയിലായിരിക്കുന്ന സഹോ. കെ. വി. ജോണിന്റെ സഹധർമ്മിണി **അന്നമ്മ ജോൺ** (85) ജനുവരി 11 ന് നിത്യതയിൽ ചേർക്കപ്പെട്ടു, ഭൗതീകശരീരം ജനുവരി 18 ന് ഭവനത്തിലെ ശുശ്രൂഷകൾക്ക്ശേഷം പുതുപ്പള്ളി ക്രിസ്ത്യൻ ബ്രദറൺ അസംബ്ലി സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**എഴുമറ്റൂർ, പത്തനംതിട്ട** : സഹോ. **ജോയി വർഗീസ് തെക്കേൽ** (72) നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 4 ന് ഭവനത്തിലെ ശുശ്രൂഷകൾക്ക്ശേഷം എഴുമറ്റൂർ ക്രിസ്ത്യൻചർച്ച് സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**വെള്ളൂർ, പാമ്പാടി** : നിത്യതയിലായിരിക്കുന്ന സഹോ. കുര്യൻ ഏബ്രഹാമിന്റെ സഹധർമ്മിണി **ഏലിയാമ്മ ഏബ്രഹാം** (97) നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 7ന് പങ്ങട ഇമ്മാനുവേൽ ബ്രദറൺ അസംബ്ലിയുടെ ശുശ്രൂഷകൾക്ക്ശേഷം പാമ്പാടിബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**രാജാപുരം, കാസർഗോഡ്** : സഹോ. മാത്യു ജോസഫിന്റെ സഹധർമ്മിണി **അന്നമ്മ മാത്യു** (89) ജനുവരി 9 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 10 ന് മകൻ ജോസഫ് മാത്യുവിന്റെ ഭവനത്തിലെ ശുശ്രൂഷകൾക്ക്ശേഷം മാങ്ങോട് ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. സുവിശേഷകന്മാരായ സേവ്യർ മാത്യുവിന്റെയും അഗസ്റ്റിൻ മാത്യുവിന്റെയും മാതാവാണ്. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**തെള്ളിയൂർ, വെണ്ണിക്കുളം** : സുവിശേഷകൻ **സി.എം. തോമസ്** (77) ജനുവരി 1 ന് നിത്യതയിൽചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 4 ന് ഭവനത്തിലെ ശുശ്രൂഷകൾക്ക്ശേഷം തെള്ളിയൂർ ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**തൃക്കൈക്കുത്ത്, മലപ്പുറം** : സഹോ. ഏ. ഏബ്രഹാം ജോണിന്റെ (കൽപ്പാക്കം) സഹധർമ്മിണി **ജോളി ജോസ്** (58) ജനുവരി 3 ന് നിത്യതയിൽ ചേർക്കപ്പെട്ടു, ഭൗതീകശരീരം ജനുവരി 7 ന് ഭവനത്തിലെശുശ്രൂഷകൾക്ക്ശേഷം വള്ളിക്കാട് ബ്രദറൺ അസംബ്ലി സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**പത്തനാപുരം** : സഹോ. ഉമ്മൻ ലൂക്കോസിന്റെ സഹധർമ്മിണി **പെണ്ണമ്മ ഉമ്മൻ** (89) നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 4 ന് കലഞ്ഞൂർ ബ്രദറൺ ക്രിസ്ത്യൻ ചർച്ച് ഹാളിലെ ശുശ്രൂഷകൾക്ക്ശേഷം സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**അരീപ്പറമ്പ്** : നിത്യതയിലായിരിക്കുന്ന സഹോ. കെ.വി.തോമസിന്റെ സഹധർമ്മിണി **മേരിക്കുട്ടി തോമസ്** (90) നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 16 ന്അരീപ്പറമ്പ് ബ്രദറൺ സഭാഹാളിലെ ശുശ്രൂഷകൾക്ക്ശേഷം സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**മുത്തൂർ, തിരുവല്ല** : നിത്യതയിലായിരിക്കുന്ന സഹോ. പി.ഇ. വർഗീസിന്റെ സഹധർമ്മിണി **കുഞ്ഞമ്മ വർഗീസ്** (78) ജനുവരി 7 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 10 ന് ഭവനത്തിൽ നടന്ന തിരുവല്ല മെഡിക്കൽ മിഷൻ ബ്രദറൺ സഭയുടെ ശുശ്രൂഷകൾക്ക്ശേഷം പാമല ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**ചുങ്കത്തറ, മലപ്പുറം** : സഹോദരൻ സിബി ബേബിയുടെ മകൻ **ഫെലിക്സ് സിബി** (10) ജനുവരി 11 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 14 ന് ചുങ്കത്തറ ബ്രദറൺ അസംബ്ലി ഹാളിലെ ശുശ്രൂഷകൾക്ക്ശേഷം സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**കരുമാലൂർ** : സഹോ. ശശികുമാറിന്റെ സഹധർമ്മിണി **വരദ ശശികുമാർ** നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഭവനത്തിലെശുശ്രൂഷകൾക്ക്ശേഷം ആലുവാ ബ്രദറൺ സെമിത്തേരിയിൽസംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**അങ്കമാലി** : സഹോദരി **അന്നമ്മ ജോസഫ്** (85) നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 16 ന് അങ്കമാലി പടിഞ്ഞാറെബ്രദറൺ സഭാഹാളിലെ ശുശ്രൂഷകൾക്ക്ശേഷം അങ്കമാലി ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ



**കുറുപ്പംപടി** : സഹോ. **പി. ജെ. ജോർജ്** (61) ജനുവരി 12 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 14 ന് ഭവനത്തിലെ ശുശ്രൂഷകൾക്ക്ശേഷം കുറുപ്പംപടി ക്രിസ്ത്യൻ ബ്രദറൺ അസംബ്ലിയുടെ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**അയ്മനം** : സുവി. സജി തോമസിന്റെ മാതാവ് **സാറാമ്മ തോമസ്** (88) നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 14 ന് അയ്മനം സഭാഹാളിലെ ശുശ്രൂഷകൾക്ക്ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**ആനിക്കാട് : സുവി. മാത്യു ഫിലിപ്** (75) ജനുവരി 11 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജനുവരി 13 ന് ആനിക്കാട് ബ്രദറൺ സഭാ ഹാളിലെ ശുശ്രൂഷകൾക്ക്ശേഷം സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. താൻ ദീർഘകാലം നേപ്പാളിൽ കർതൃശുശ്രൂഷയിലായിരുന്നു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.

# “പറഞ്ഞു തീരാത്ത ദാനം നിമിത്തം ദൈവത്തിന് സ്തോത്രം” (2 കൊരി. 9:15)

കർത്താവിൽ പ്രിയ.... സുവിശേഷധ്വനി വായനക്കാർക്ക് ക്രിസ്തു യേശുവിന്റെ നാമത്തിൽ സ്നേഹവന്ദനം

57 വർഷത്തോളം കർത്തൃശുശ്രൂഷയിൽ തുടരുവാൻ കർത്താവ് ചെയ്ത കൃപയ്ക്കായി കർത്താവിനെ സ്തുതിക്കുന്നു. 2017 മുതൽ 2019 വരെ രണ്ട് വർഷത്തോളം കഠിന പരിശോധനയിലൂടെ കടന്നു പോകുവാനാണ് കർത്താവ് അനുവദിച്ചത്. ഇക്കാലയളവിൽ ചെറിയതും വലിയതുമായ 4 ഓപ്പറേഷന് വിധേയപ്പെടേണ്ടി വന്നു. രണ്ടുപ്രാവശ്യം മരണത്തെ മുഖാമുഖമായി കണ്ടു. കർത്തൃസന്നിധിയിൽ ചേർക്കപ്പെടുമെന്നാശിച്ചുയെങ്കിലും “മരണത്തിൽ നിന്നുള്ള നീക്ക് പോക്ക് യഹോവയ്ക്കുള്ളതല്ലോ”. എന്റെ ആയുസ്സ് ദീർഘമാക്കിയത് എന്തിനെന്നു ചിന്തിച്ചു. മറ്റൊരു പശ്ചാത്തലത്തിൽ നിന്നും അഞ്ചുപേർ യേശുവിനെ കർത്താവായി സ്വീകരിച്ചതോടെ ആ സംശയം തീർന്നു. മലബാർ മെസഞ്ചർ മാസികയുടെ പ്രഥമപത്രാധിപർ എന്ന നിലയിൽ തുടർന്നെഴുതുവാനും “വിശ്വാസ ജീവിതപ്പടകിൽ” എന്ന പേരിൽ എന്റെ ആത്മകഥ (ബ്രദറൺ എക്കോ അങ്കമാലി) പ്രസിദ്ധീകരിച്ചു കാണുവാനും ആത്മീയ ശുശ്രൂഷകളിൽ തുടരുവാനും കർത്താവ് തന്ന കൃപയ്ക്കായി സ്തോത്രം ചെയ്യുന്നു.

എന്റെ രോഗാവസ്ഥ ഓർത്ത് പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്ത സഭകളോടും വ്യക്തികളോടും എന്റെ നന്ദി ഈ അവസരത്തിൽ കർത്താവിന്റെ നാമത്തിൽ അറിയിക്കുന്നു.

1958 മുതൽ പാലക്കാട് ജില്ലയിൽ (നെല്ലിയാംപതി മുതൽ അട്ടപ്പാടിവരെ) സുവിശേഷ ക്യാമ്പുകൾ നടത്തി പ്രവർത്തിപ്പാൻ കർത്താവ് കൃപ നൽകി. ആ ക്യാമ്പുകൾ നടത്തി പ്രവർത്തിച്ച പല സ്ഥലങ്ങളിലും കർത്താവിന്റെ ദാസന്മാർ വന്നു പ്രവർത്തിച്ചതിന്റെ ഫലമായി സഭാകൂടിവരവുകൾ ആരംഭിക്കുകയും ചെയ്തു.

എന്റെ മകൻ സജീവ് പി. ജോർജ്ജ് 6 വർഷത്തോളമായി കർത്താവിന്റെ വിളികേട്ട് ജോലിവിട്ട് പൂർണ്ണമായി സുവിശേഷപ്രവർത്തനത്തിനായി വേർപിരിഞ്ഞു. ബഥനി ബൈബിൾ സ്കൂൾ (കുമ്പനാട്) പഠനം പൂർത്തിയാക്കി ചിറ്റൂരിലും ടി ജില്ലയിലെ സുവിശേഷകന്മാരുമൊത്ത് പ്രവർത്തിച്ചുവരികയാണ്. പ്രാർത്ഥനയിൽ ഓർത്താലും.

## സുവിശേഷ ക്യാമ്പ്

ദൈവഹിതമായാൽ 2023 ജനുവരി 26 മുതൽ 29 വരെ ഹൈന്ദവർ മാത്രം തിങ്ങിപ്പാർക്കുന്ന പട്ടണമായ ചിറ്റൂരിൽ സുവിശേഷക്യാമ്പ് നടത്തുവാൻ കർത്താവിൽ ആശ്രയിച്ചു തീരുമാനിച്ചിരിക്കുന്നു. ഡോ. ജയിംസ് എം. തോമസ് നെടുമ്പാശ്ശേരി വചനശുശ്രൂഷകൾക്കുണ്ടായിരിക്കുന്നതാണ്. പാലക്കാട് ജില്ലയിൽ നിന്നുള്ള സുവിശേഷകന്മാർ, യുവാക്കൾ കൂടാതെ തമിഴ്നാട്ടിൽ നിന്നുള്ളവരും ഈ പ്രവർത്തനത്തിൽ പങ്കെടുക്കും.

ഇവിടെ നടക്കുന്ന പ്രവർത്തനങ്ങൾ നിമിത്തം അനേകർ രക്ഷാനിർണ്ണയം പ്രാപിക്കുന്നതിനും സുവിശേഷവിരോധികളുടെ എതിർപ്പുകൾ ഉണ്ടാകാതിരിക്കുവാനും സുവിശേഷക്യാമ്പിന്റെ അനുഗ്രഹത്തിനുവേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യേണമേ....

**കർത്തൃശുശ്രൂഷയിൽ എളിയ സഹോദരൻ**
**ജോർജ്ജ് പീറ്റർ, ചിറ്റൂർ**




## ചിന്ത TVS — നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു

കർത്താവ് തന്റെ ശിഷ്യന്മാരെ നോക്കി പറഞ്ഞ ഈ പ്രസ്താവന എത്രയോ വിലയേറിയതാണ്. ഇരുളടഞ്ഞ അന്ധകാര പ്രഭുവിന്റെ ആധിപത്യം ഉള്ള ഒരു ലോകത്തിലേക്കാണ് ലോകത്തിന്റെ രക്ഷിതാവും തേജസ്സിന്റെ പ്രഭയും സത്യത്തിന്റെ മുദ്രയും ആയ നമ്മുടെ കർത്താവ് ഭൂജാതനായത്. ഏതു മനുഷ്യന്റെയും ജീവിതത്തിൽ ഇരുളിന്റെ കറുത്ത കരങ്ങളുടെ പ്രവേശനം പലപ്പോഴായി സഭവിച്ചിട്ടുണ്ടാകും. ഇരുളിൽ കിടന്ന മനുഷ്യനെ പകലിന്റെ അനുഭവത്തിലേക്ക് അഥവാ വെളിച്ചത്തിന്റെ പ്രകാശധാരയിലേക്ക് കൊണ്ടുവരുവാൻ വേണ്ടിയാണ് വെളിച്ചത്തിന്റെ ഉറവിടമായ യേശുക്രിസ്തു ഈ ലോകത്തിലേക്ക് പ്രവേശിച്ചത്. ഏതു മനുഷ്യന്റെയും ഹൃദയം ആകുലചിന്തയുടെയും ആലോചനയുടെയും ഓളങ്ങളും തിരമാലകളും അവനെ ഇരുട്ടിന്റെ ഭീകരമായ ഉള്ളറകളിലേക്ക് തള്ളിവിടുന്നു. അത് അവനെ ശരീരമനസ്സുകളുടെ സൗഖ്യം കെടുത്തുവാനേ ഉപകരിക്കൂ. മാത്രമല്ല ഇന്നലെയുടെ തോൽവിയിൽ അവന്റെ മനസ്സ് ഉടക്കി നിന്നാൽ പ്രകാശത്തിന്റെ പാതയിലൂടെ പുരോഗതിയിലേക്ക് നയിക്കുകയില്ല എന്ന് നാം അറിയണം.

മനുഷ്യൻ തന്റെ ആയുസ്സിന്റെ സിംഹഭാഗവും ഇന്നലെയുടെ മരിച്ചുപോയ അനുഭവങ്ങളെ ഓർത്തു വ്യാകുലപ്പെടുന്നവനാണ്. അത് അവന്റെ മനസ്സിന്റെ ആരോഗ്യത്തേയും, ശാന്തിയേയും, സമാധാനത്തേയും കെടുത്തിക്കളെയുന്നതാണ്. മാത്രമല്ല ഇരുട്ട് അവന്റെ ജീവിതത്തിൽ കരിനിഴൽ വീഴ്ത്തുകയും ചെയ്യും. പത്രോസിനു സംഭവിച്ച കാര്യം നമുക്ക് അറിയാമല്ലോ. വെളിച്ചത്തിന്റേയും, തേജസ്സിന്റേയും, പ്രകാശരശ്മികൾ ഒഴുകുന്ന കർത്താവിന്റെ മുഖത്തു നിന്ന് പത്രോസ് തന്റെ നോട്ടം മാറ്റി ഇരുട്ടിന്റെ ആയുധങ്ങളായ ഓളങ്ങളേയും, തിരമാലകളേയും ദർശിച്ചപ്പോൾ പടകിൽ നിന്ന് ഇറങ്ങിയ പത്രോസ് സമുദ്രത്തിന്റെ ആഴങ്ങളിലേക്ക് താഴുവാൻ തുടങ്ങി. എന്നാൽ കർത്താവിന്റെ കരങ്ങൾ തത്സമയം അവനെ രക്ഷിക്കുകയും ചെയ്തു. ജീവിതത്തിൽ മറക്കേണ്ടത് മറക്കാൻ കഴിയാതെ വന്നാൽ ആർക്കും ജീവിതത്തിന്റെ പ്രകാശത്തിൽ സമാധാനമായി നടക്കാൻ കഴികയില്ല. പ്രകാശം ഇരുട്ടിനെ അകറ്റുന്നു. കൂരിരുട്ടിനെ അകറ്റുവാൻ പ്രകാശത്തിനു മാത്രമേ കഴികയുള്ളൂ.

മിന്നാമിനുങ്ങുകളെ നാം കണ്ടിട്ടുണ്ടായിരിക്കുമല്ലോ. എത്ര കഠിനമായ കൂരിരുട്ടായാലും അതിനെ തരണം ചെയ്ത് അതിലൂടെ പോകാനുള്ള വഴി അത് കണ്ടുപിടിക്കുന്നു. കാരണം വെളിച്ചത്തിന്റെ സൃഷ്ടാവായ ദൈവം മിന്നാമിനുങ്ങിന്റെ അകത്ത് ഏത് ഇരുളിലും സഞ്ചരിക്കാൻ കഴിയുന്ന ഒരുതരം വെളിച്ചം ക്രമീകരിച്ചുവെച്ചിട്ടുണ്ട്. അത് ഉപയോഗിച്ച് പുറത്ത് വെളിച്ചം ഇല്ലെങ്കിലും അകത്ത് വെളിച്ചം ഉള്ളതിനാൽ ഏത് ഇരുളിനേയും അതിലംഘിച്ച് തന്റെ യാത്ര വിശാലമായ വിഹായസ്സിൽ സന്തോഷകരമായി തുടരുന്നു.

പ്രിയ ദൈവമക്കളെ ദൈവം നമ്മെ പുതിയ സൃഷ്ടിയാക്കിത്തീർക്കുമ്പോൾ നമ്മുടെ ഉള്ളിൽ ലോകത്തിന്റെ ഇരുട്ടിൽ പ്രകാശിക്കാനുള്ള വെളിച്ചത്തിന്റെ ശക്തി തന്നാണ് നിറുത്തിയിരിക്കുന്നത്. അതുകൊണ്ടാണ് തന്റെ ശിഷ്യന്മാരോട് കർത്താവ് ഇങ്ങനെ പറഞ്ഞത്; “നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു” എന്ന്. വെളിച്ചത്തിന്റെ ശുശ്രൂഷ എന്താണ്? ഇരുട്ടിൽ സഞ്ചരിക്കുന്ന അനേകർക്ക് ശരിയായ മാർഗം കാണിക്കയും, തൽഫലമായി അപകടം കൂടാതെ സ്വന്തവീട്ടിൽ എത്തിച്ചേരുവാൻ സഹായിക്കുകയും ചെയ്യുകയാണല്ലോ വേണ്ടത്. ദൈവമക്കളിൽ ദൈവം കൊളുത്തിയ ദീപം കെടാതെ അത് പ്രകാശിക്കുന്നതിന്നായി പരിശുദ്ധാത്മാവാകുന്ന എണ്ണ നമ്മിൽ തന്നിട്ടുണ്ട്. ഈ ലോകത്തിൽ നാം തന്നെ വിളക്കായി ലോകത്തിന്റെ വെളിച്ചമായി തീരേണ്ടവരാണ്. നാം വെളിച്ചത്തിന്റെ മക്കളാണ്. നമ്മുടെ വെളിച്ചം ഇരുട്ടിൽ നടക്കുന്നവരുടെ മുന്നിൽ പ്രകാശിക്കേണ്ടതാണ്. അപ്പോൾ മാത്രമേ അവർ ശരിയായ വഴി കണ്ടെത്തുകയുള്ളൂ. ആകയാൽ അന്ധകാരനിബിഡമായ ഈ ലോകത്തിൽ കർത്താവിന്റെ കല്പന അനുസരിച്ച് നമ്മുടെ ദീപം കെട്ടുപോകാതെ നമ്മെത്തന്നെ സൂക്ഷിക്കാം. ദൈവം സഹായിക്കട്ടെ. ●

**SUVISESHADHWANI**
Fortnightly
Vol. 41 Issue 36
Single Copy Rs. 10/-
Annual Subscription
India Rs. 200/-
Envelope Postage Rs. 3000/-
Please send news and articles to
Chief Editor:
**Sam Zacharia**
H. No. 56/ NV Nagar,
Peroorkada P.O.
Thiruvananthapuram - 695 005.
Tel. +91 9446684828
email: svdtvm2019@gmail.com
*Send your money orders to:*
Managing Editor:
**Joykumar V.K.**
Sharon, Pirayummoodu,
Neyyattinkara P.O.
Thiruvananthapuram - 695 121
Tel. +91 9446022942
Associate Editor :
**Samuel Thomas**, Cheppad
Tel. +91 9495162788
Sub Editors:
**John Joseph** (South Division)
Tel. +91 9496465298
**A.D. James** (North division)
Tel. +91 9446814115
**John Mathews P.** (Malabar Division)
Tel. +91 9605962095
**K.V. Jose** (High Range Division)
Tel. +91 8606083652
Circulation Manager :
**Spurjan K.J.** Balaramapuram
Tel. +91 9495131875

**REGISTERED**
Reg. No. RN 29475/1978
Postal Reg. No. KL/TV(S)/396/2022-24
Licence No: KL/TV(S)/WPP/251/2022-24
Licensed to Post without prepayment
Date of Publishing : 21-01-2023
If undelivered please return to :
Managing Editor
Suviseshadwani
Sharon, Pirayummoodu,
Neyyattinkara P.O.
Thiruvananthapuram - 695 121.



Printed & Published by Sam Zacharia on behalf of General Y.M.E.F & Printed at : Color Scan, Trivandrum & Published at H. No. 56/ NV Nagar, Peroorkada P.O. Thiruvananthapuram - 695 005. Editor: Sam Zacharia. Design:printechoffset,Trivandrum